# സമന്വയ

**അതിരൂപത ബുള്ളറ്റിൻ**

തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 27 ഫെബ്രുവരി 2023 ലക്കം 2



***രക്ഷാധികാരികൾ***
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
മോസ്റ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
റവ. മോൺ. യൂജിൻ എച്ച്. പെരേര

***പത്രാധിപർ***
റവ.ഡോ.ലോറൻസ് കുലാസ്

***പത്രാധിപ സമിതി***
റവ. മോൺ. സി. ജോസഫ്
റവ. ഡോ. എഡിസൺ വൈ.എം.
റവ. ഡോ. ഡാർവിൻ പീറ്റർ
റവ. ഡോ. ഡൈസൺ വൈ.
റവ. ഡോ. മൈക്കിൾ തോമസ്
റവ. ഫാ. ആഷ്‌ലിൻ ജോസ്
റവ. ഫാ. ഷാജിൻ ജോസ്
റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോ
റവ. ഫാ. സന്തോഷ് കുമാർ
റവ. ഫാ. ഡാനിയേൽ ആർ.

***ലേ - ഔട്ട്***
ജീവജ്യോതി ഓഫ്സെറ്റ് പ്രസ്സ്

***കവർ ഡിസൈൻ***
സതീഷ് ജി.



ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001


## താളുകളിൽ


- എഡിറ്റോറിയൽ
- ബിഷപ്സ് ഡയറി
- ചാൻസിലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബി.സി.സി.
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- കെ.സി.എസ്.എൽ.
- മീഡിയ കമ്മിഷൻ
- സാമൂഹ്യ ശുശ്രൂഷ
- മത്സ്യമേഖല ശുശ്രൂഷ
- അല്മായ ശുശ്രൂഷ

# "സ്നേഹമാണഖിലവും"

വിശുദ്ധ ഫ്രാൻസിസ് ഡി. സാലസിന്റെ നാന്നൂറാം ചരമ വാർഷികവേളയിൽ 'Totum Amoris Est' (Love is Everything – സ്നേഹമാണഖിലവും) എന്ന പേരിൽ ഫ്രാൻസിസ് പാപ്പാ ഒരു അപ്പസ്തോലിക ലേഖനം പ്രകാശനം ചെയ്തിരിക്കുന്നു. സഭയുടെ സവിശേഷ പണ്ഡിതനെന്ന് വിശേഷിപ്പിക്കപ്പെടുന്ന വിശുദ്ധ ഫ്രാൻസിസ് ഡി സാലസ്, വലുതായ മാറ്റങ്ങളുടെ കാലത്ത് ദൈവത്തെ സഹാനുഭൂതിയിലും ആനന്ദത്തിലും സ്വാതന്ത്ര്യത്തിലും കണ്ടെത്തേണ്ടതിന് ജനത്തെ എങ്ങനെ സഹായിച്ചു എന്ന് ഫ്രാൻസിസ് പാപ്പ ഈ ലേഖനത്തിൽ അനുസ്മരിക്കുന്നു.

തന്റെ കാലത്തെ സമുചിതമായി വ്യാഖ്യാനിച്ചുകൊണ്ട് "ദൈവത്തിനായുള്ള ദാഹ"ത്തിന് പുതിയൊരു മാർഗ്ഗം കണ്ടെത്തിയ "ആത്മാക്കളുടെ അനിതര സാധാരണനായ മാർദർശി"യാണ് വിശുദ്ധ സാലസ്. കർത്താവിനെ തങ്ങളുടെ ഹൃദയത്തിൽ തേടുന്നതിനും സഹാനുഭൂതിയിൽ അവിടുത്തെ കണ്ടെത്തുന്നതിനും ജനത്തെ സഹായിക്കുവാൻ ഈ വിശുദ്ധൻ കഴിവുനേടി.

1567 ഓഗസ്റ്റ് 21 ന് സവോയിലെ സെയ്ൽസ് കോട്ടയിൽ ജനിക്കുകയും 1622 ഡിസംബർ 28 ന് ലിയോണിൽ അന്തരിക്കുകയും ചെയ്ത ഈ ഫ്രഞ്ച് വിശുദ്ധന്റെ മഹത്തായ ദൈവവിളിയായി പാപ്പ എടുത്തുപറയുന്നത്, 'ജീവിതത്തിലെ ഓരോ സാഹചര്യത്തിലും ഉദാത്തമായ സ്നേഹം കണ്ടെത്തേണ്ട'തിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരന്തരാന്വേഷണത്തെയാണ്. അപ്പസ്തോലികലേഖനത്തിലെ ഒരു പ്രധാന ആശയം എവിടെ കുറിക്കുന്നു.

**ഒന്നും നിർബന്ധപൂർവ്വം അടിച്ചേല്പിക്കാതിരിക്കുക**

"ദൈവപരിപാലനം നമ്മുടെ ഹൃദയങ്ങളെ ദൈവസ്നേഹത്തിലേക്ക് ആകർഷിക്കുന്നു." ഒരു തരത്തിലെ നിർബന്ധവും കൂടാതെ "കാരിരുമ്പിന്റെ ചങ്ങല"കളില്ലാതെ, "എന്നാൽ സ്നേഹക്ഷണങ്ങളാൽ, ആകർഷകങ്ങളായ അനുനയങ്ങളാൽ, പരിശുദ്ധമായ പ്രചോദനങ്ങളാ"ലാണ് ആ ക്ഷണം.

"സമർപ്പിത ജീവിതത്തിന് ഒരാമുഖം" എന്ന കൃതിയുടെ ആരംഭത്തിൽ ഭക്തിയുടെയും സമർപ്പണത്തിന്റെയും അർത്ഥവ്യാപ്തി യെക്കുറിച്ച് വിശുദ്ധൻ വ്യക്തത വരുത്തുന്നുണ്ട്. "ജീവിതം ഉപവാസത്തിലേക്ക് ഉഴിഞ്ഞുവച്ചിരിക്കുന്നവർ, തങ്ങൾ സമർപ്പിതരാണെന്ന് ധരിച്ചുപോകാം. കാരണം അവർ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കാൻ വ്രതമെടുത്തവരാണല്ലോ. എന്നാൽ തങ്ങളുടെ അയല്ക്കാരെക്കുറിച്ച് അപവാദപ്രചരണങ്ങളും ദുഷ്കീർത്തിയുമുണ്ടാകുന്ന മുറിവുകളിൽ രുചിപിടിക്കുന്നതിൽ അല്പവും മനചാഞ്ചല്യം ഉണ്ടാകാത്തവരാണവർ. പ്രാർഥനകൾ മുറതെറ്റാതെ ഉരുവിടുമെങ്കിലും തിന്മയെയോ അഹന്തയെയോ മനസിനെ മുറിവേല്പിക്കുന്നതിനെയോ തികച്ചും അലക്ഷ്യമായി കാണുന്നവർ." പാവപ്പെട്ടവർക്ക് സഹായം നല്കുന്നതിന് മടിയില്ലാത്തവരുമുണ്ട്, എന്നാൽ അവരുടെ ശത്രുക്കളോട് ക്ഷമിക്കാൻ ഹൃദയത്തിൽ അല്പവും കരുണ അവശേഷിക്കാത്തവർ.

യഥാർഥത്തിലുള്ള സമർപ്പണം അഥവാ ഭക്തിയാകട്ടെ, വിശുദ്ധ ഫ്രാൻസിസ് ഡി. സാലസിന്റെ കാഴ്ചയിൽ നിർവ്യാജമായ ദൈവസ്നേഹവും സഹാനുഭൂതിയുടെ ആവിഷ്കാരവുമാണ്. "അപൂർണമായ ചിലതിൽ" നിന്ന് അത് കാലങ്ങൾ അകലെയാണ്" എന്ന് ഫ്രാൻസിസ് പാപ്പ വ്യക്തമാക്കുന്നു.

**ഫാ. ലോറൻസ് കുലാസ്**

<u>**ARCHBISHOP'S DIARY – February 2023**</u>

| **DAY &** | **TIME** | **PROGRAMM** |
|---|---|---|
| 01 WED | 11:00am | Jubilee mass, Providence Convent, Kakkamoola |
| 02 THU | | Religious Day Celebrations |
| 03 FRI | 04:30pm | Governing Body Meeting, Little Flower Nursing College. |
| 05 SUN | 08:30am | Confirmation, Sreekaryam. |
| 06 MON | 10:30am | Senate Meeting |
| | 06:00pm | Presbyterium |
| 08 WED | 11:00am | Feast Mass, BhakithaBhavan |
| 09 THU | 05:30pm | Feast Mass, Killippalam |
| 10 FRI | 05:00pm | Feast Mass, Lourdes Forane Church. |
| 11 SAT | 10:00am | Pastoral Council |
| | 05:30pm | Silver Jubilee Celebration, Vattiyoorkav. |
| 12 SUN | 09:30am | Feast Mass, Thundathil. |
| 13 MON | 10:30am | 1st profession, Beatriz Convent, Sastavattom |
| 17 FRI | 06:00pm | Feast Mass, Kamukincode |
| 18 SAT | 10:30am | Mass, M.S.S.T Convent, Kollam. |
| 19 SUN | 05:30pm | Feast Mass, Veli |
| 22 WED | | ASH WEDNESDAY |
| 24 FRI | 06:00pm | Bible Convention, LMS. |

## AUXILIARY BISHOP’S DIARY –February 2023

| DAY | TIME | PROGRAMM |
|---|---|---|
| 01 WED | 11:00am | Jubilee mass, Oblates Convent, Kazhakkoottam |
| | 03:30pm | Ruby Jubilee meeting, Trinity Mar Thoma Church, TVM. |
| 02 THU | | Religious Day Celebrations |
| 03 FRI | 11:00am | School - Foundation Laying, palappooru. |
| | 04:30pm | Governing Body Meeting, Little Flower Nursing College |
| 04 SAT | 11:30am | Silver jubilee Mass, All Saints Convent |
| 05 SUN | 10:00am | Feast Mass, Ayroor |
| 06 MON | 10:30am | Senate Meeting, |
| | 06:00pm | Presbyterium |
| 07 TUE | 05:30pm | Mass, ASWAS Bhavan, Nedumkuzhi |
| 11 SAT | 10:00am | Pastoral Council |
| | 05:30pm | Silver Jubilee Celebration, Vattiyoorkav. |
| 12 SUN | 10:30am | Feast Mass, Lourdepuram |
| 14 TUE | 05:30pm | Mass, Benzinger Home, Edappazhanji |
| 16 WED | 05:00pm | Acolyte &Lectorate, Aluva |
| 18 SAT | 10:00am | State Gild Convention, Pattom |
| 19 SUN | 06:30am | Mass, Thycaud |
| | 05:30pm | Feast Mass, Moongode. |
| 20 MON | 05:00am | Diaconate, Rosmini Ashram, Vettuthura. |
| 22 WED | | ASH WEDNESDAY |
| 24 FRI | 06:30pm | UCM Convention, Peroorkada. |

Secretary to Archbishop

# CHANCERY BULLETIN
## (Latin Archdiocese of Trivandrum)
## FEBRUARY 2023

**A. APPOINTMENTS**

1. Rev. Fr. George Valiyamyalil CMF - appointed Parish Priest, St. Xavier's Church, Valiathura, with effect from 19.01.2023
2. The following persons are inducted into the Archdiocesan Finance Committee for a period of 5 years from 15.01.2023

1. Very Rev. Msgr. Eugine H. Pereira
2. Rev. Dr. Edison Y. M.
3. Rev. Fr. A.R. John
4. Mr. George Benjamin
5. Mr. Selastine Anthoniyappan
6. Mr. P. Sebastian Cherian
7. Mr. Arun Lawrence
8. Adv. Jose Varghese
9. Mr. A. Xavier
10. Mr. Cleetus Charles

**C. BIRTHDAYS**

| | | |
|---|---|---|
| 1. | Rev. Fr. Pradeeb Joseph | 01.02.1975 |
| 2. | Rev. Fr. Binu Joseph Alex | 02.02.1979 |
| 3. | Rev. Fr. Fredy Joy | 02.02.1986 |
| 4. | Rev. Fr.Shijin A | 03.02.1990 |
| 5. | Rev. Fr. Shaji Silva | 11.02.1979 |
| 6. | Rev. Fr. Antony S.B. | 16.02.1978 |
| 7. | Rev. Fr. Shabin L. | 16.02.1981 |
| 8. | Very Rev. Fr. Sylvester Kuris | 17.02.1966 |
| 9. | Rev. Dr. Darwin Peter | 17.02.1974 |
| 10. | Very Rev. Fr. Robinson F. | 18.02.1962 |
| 11. | Rev. Fr. Joseph Baskaran | 18.02.1964 |
| 12. | Rev. Fr. Pramod P | 22.02.1991 |
| 13. | Rev. Dr. Augustine John | 23.02.1966 |
| 14. | Rev. Fr. YesudasRemias | 23.02.1980 |

## D. DECEASED PRIESTS

| | | |
|---|---|---|
| 1. | Rev. Fr. Stephen Jose Methachery | 04.02.2021 |
| 2. | Rev. Fr. Cleetus Gomez | 05.02.2013 |
| 3. | Rev. Fr. Antony Pereira | 07.02.1974 |
| 4. | Rev. Fr. Joseph Arattukulam | 07.02.1992 |
| 5. | Rev. Fr. Augustine Conception | 09.02.1964 |
| 6. | Rev. Fr. Pious OCD | 11.02.1948 |
| 7. | Rev. Fr. CyriacVettikkapalli | 26.02.1947 |

## E. PERPETUAL DAY ADORATION

| | | |
|---|---|---|
| 1. | St. Sebastian’s Church, Mungoode | 08.02.2023 |
| 2. | Holy Spirit Church, Mampally | 10.02.2023 |
| 3. | St. Jacob’s Forane Church, Pulluvila | 11.02.2023 |

**Fr. C. Joseph**
Chancellor

## Metropolitan Tribunal News of Latin Archdiocese of Trivandrum

### 2023 January

| | | | |
|---|---|---|---|
| A. | 1. Petitions received in January | - | 007 |
| | 2. Petitions rejected in January | - | 000 |
| B. | 1. Petitions admitted as case in January | - | 000 |
| | 2. Cases on process in January | - | 081 |
| | Total | - | 088 |
| C. | Decreed cases in January | - | 004 |
| D. | Reconciled cases | - | 000 |
| | Total | - | 004 |
| | Cases on process - 88-04 | = | 84 |

**Fr. Paul G.**
Notary

**Fr. Jose G.**
Judicial Vicar

# ബി.സി.സി.

**അതിരൂപതാതലം**

ഫെറോനകളിൽ നടന്ന പാരിഷ് കൗൺസിൽ അംഗങ്ങളുടെ പരിശീലന പരിപാടിയിൽ പങ്കെടുക്കാത്ത ഇടവക പാരിഷ് കൗൺസിൽ അംഗങ്ങൾക്കുവേണ്ടി 14.01.2023 ൽ രൂപതാതലത്തിൽ നടത്തിയ പരിശീലന പരിപാടിയിൽ 110 അംഗങ്ങൾ പങ്കെടുത്തു. ക്ലാസിന്റെ ആരംഭഘട്ടത്തിൽ ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ഡാനിയേൽ സ്വാഗതം അർപ്പിച്ചു. മോൺ. റ്റി. നിക്കോളാസ് "സഭ എന്താണ്? തിരുവനന്തപുരം പ്രാദേശിക സഭയിൽ അല്മായ പങ്കാളിത്തം", ശ്രീമാൻ ജോയ് "ഇടവക കൗൺസിൽ, ഇടവക ധനകാര്യ സമിതി - കടമകളും ഉത്തരവാദിത്തങ്ങളും", ശ്രീമാൻ രാജു " ശുശ്രൂഷാ സമിതികളും ശുശ്രൂഷാ സമിതി പ്രതിനിധികളും" എന്നീ വിഷയങ്ങളെ കുറിച്ച് മൂന്നു സെഷനുകളായി തിരിച്ച് ക്ലാസുകൾ എടുക്കുകയുണ്ടായി. ഈ ക്ലാസിന് ഫാ. ഡാർവിൻ ഫെർണാണ്ടസ് മോഡറേറ്റർ സ്ഥാനം വഹിച്ചു.

പുല്ലുവിള ബി.സി.സി. സമിതിയുടെ നേതൃത്വത്തിൽ 21.01.2023 ൽ നടത്തപ്പെട്ട ഇടവക കോ-ഓർഡിനേറ്റർമാരുടെയും സിസ്റ്റർ ആനിമേറ്റർമാരുടെയും പരിശീലനത്തിൽ പുല്ലുവിള ഫെറോന ബി.സി.സി. അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ഫാ. ജോസ് വർഗീസ്, അടിമലത്തുറ ഇടവക സഹവികാരി ഫാ. പ്രമോദ് സേവ്യർ എന്നിവർ നേതൃത്വം നൽകി. ബി.സി.സി കോ-ഓർഡിനേറ്റർമാരുടെ കടമകളും ഉത്തരവാദിത്തങ്ങളും എന്ന വിഷയത്തെപ്പറ്റി അതിരൂപത ബി.സി.സി. സമിതി അംഗങ്ങളായ ഫാ. ഡാനിയേൽ ആർ., സിസ്റ്റർ ഡാളി ജോൺബോസ്കോ, സിസ്റ്റർ മേരി മാർഗ്രറ്റ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. അതേതുടർന്ന് നടന്ന ഫെറോന സമിതിയുടെ തിരഞ്ഞെടുപ്പിനും ഫെറോന ആനിമേറ്റർ ശ്രീമതി സുശീല ജോ നേതൃത്വം നൽകി.

**ഫെറോനാതലം**

**പുതുക്കുറിച്ചി ഫെറോന**

പുതുക്കുറിച്ചി ഫെറോനയിലെ 11 ഇടവകകളിലും ജനുവരി 1-ാം തീയതി മുതൽ പുതിയ പാരിഷ് കൗൺസിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ജനുവരി 15-ാം തീയതി ഫെറോനാതലത്തിൽ നടന്ന സാമ്പത്തിക സമിതി അംഗങ്ങളുടെ പരിശീലന ക്ലാസിന് വേണ്ട ക്രമീകരണങ്ങൾക്ക് ബി.സി.സി. ആനിമേറ്റർ സിസ്റ്റർ ബ്ലെസി നേതൃത്വം നൽകി

പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഇടവകതല കോ-ഓർഡിനേറ്റർമാരുടെയും ആനിമേറ്റർമാരുടെയും വാട്സ് ആപ് ഗ്രൂപ്പ് ഉണ്ടാക്കുകയും അതുവഴി എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ബി.സി.സി. ഫെറോനാതല കമ്മീഷൻ യോഗം 29-ാം തീയതി 3 മണിക്ക് സെന്റ് ആൻഡ്രൂസ് ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഫെറോന വികാരി ഫാ. ജെറോം ഫെർണാണ്ടസ്, ഫെറോന വൈദിക കോ-ഓർഡിനേറ്റർ ഫാ. ഇഗ്നാസി രാജശേഖരൻ എന്നിവരുടെ നേതൃത്വത്തിൽ കൂടുവാൻ തീരുമാനിച്ചു. ഫെറോനയിലെ എല്ലാ ഇടവകകളിലും ബി.സി.സി. കുടുംബയൂണിറ്റ് യോഗങ്ങൾ നടന്നു വരുന്നു. വെട്ടുതുറ, ഫാത്തിമപുരം, പുതുക്കുറിച്ചി എന്നീ ഇടവകകളിൽ ബി.സി.സി. ജനറൽ ബോഡിയും പുത്തൻതോപ്പ് ഇടവകയിൽ വാർഡ് തല യോഗങ്ങളും നടന്നു.

ഫാത്തിമപുരം ഇടവകയിൽ ദേവസഹായം പിള്ളയുടെ പേരിലുള്ള കുടുംബയൂണിറ്റ് വാർഷികത്തോടനുബന്ധിച്ച് വിശുദ്ധ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുകയും വിശുദ്ധ കുർബാനയും വൈകുന്നേരം വാർഷിക യോഗവും കലാപരിപാടികളും നടത്തി. വിശുദ്ധ സെബാസ്റ്റ്യന്റെ പേരിലുള്ള യൂണിറ്റ് വാർഷിക ത്തോടനുബന്ധിച്ച് ബാലരാമപുരത്ത് വിശുദ്ധന്റെ തിരുനാളിനോടനുബന്ധിച്ച് തീർത്ഥാടനം നടത്തുകയും മാനസികാസ്വസ്ഥതകൾ ഉള്ള സ്ത്രീകൾ വസിക്കുന്ന ബെനഡിക്ട് മെന്നി പുനരധിവാസ കേന്ദ്രം സന്ദർശിക്കുകയും ഭക്ഷണങ്ങൾ പാകം ചെയ്യുന്നതിനുള്ള പലവ്യഞ്ജനങ്ങൾ നൽകുകയും ചെയ്തു.

## പേട്ട ഫെറോന

പേട്ട ഫെറോനയിലെ 12 ഇടവകകളിലും ഇടവകതല തെരഞ്ഞെടുപ്പ് കഴിഞ്ഞു. ഇടവക കൗൺസിൽ രൂപീകരിച്ചു ഫെറോന കൗൺസിൽ തിരഞ്ഞെടുപ്പ് ജനുവരി 22 ന് ശ്രീകാര്യം സെന്റ്. ക്രിസ്റ്റഫർ ചർച്ച് ഹാളിൽ നടന്നു. അതിരൂപതാ ശുശ്രൂഷാ കോ-ഓർഡിനേറ്റർ റവ. ഫാ. ലോറൻസ് കുലാസ് ഫെറോന കൗൺസിൽ രൂപീകരണം, സ്വഭാവം, പ്രവർത്തനങ്ങൾ, തിരഞ്ഞെടുപ്പ് എന്നിവയെ കുറിച്ച് ക്ലാസ് നൽകി. അതിനുശേഷം തിരഞ്ഞെടുപ്പ് നടന്നു. ഫെറോനയിലെ വൈദികരായ റവ. ഫാ. ഡേവിഡ്സൻ, ഫാ. റോഷൻ റിച്ചാർഡ്, ഫാ. ഷാജു വില്ല്യം, ഫാ. ജെറാൾഡ് സാവിയോ, ഫാ. രജീഷ് രാജൻ, ഫാ. ഡി. തോമസ് എന്നിവർ സന്നിഹിതരായിരുന്നു. എല്ലാ ഇടവകകളിലും ബി.സി.സി. യോഗങ്ങൾ സജീവമായി നടക്കുന്നു.

**പുഷ്പഗിരി:-** ബി.സി.സി. തലത്തിൽ ക്രിസ്തുമസ് ന്യൂയർ ആഘോഷിച്ചു.

**ശ്രീകാര്യം:-** യുവജനങ്ങളുടെ സഹകരണത്തോടെ ക്രിസ്തുമസ് കരോളും ക്രിസ്തുമസ് ലേലവും നടത്തി. അർഹരായവർക്ക് ക്രിസ്തുമസിന് ഫുഡ് കിറ്റ് നൽകി. കിടപ്പുരോഗികളെ സന്ദർശിച്ച് കേക്ക് നൽകി.

**മുട്ടട:-** യൂണിറ്റ് മീറ്റുംഗുകൾ സജീവമായി നടക്കുന്നു. സെബസ്ത്യാനൂസ് പുണ്യാവാളന്റെ തിരുനാളുകൾ പ്രദക്ഷിണക്രമീകരണം ബി.സി.സി. നടത്തി. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി. ഇലക്ട്രോണിക്സിന് 4-ാം റാങ്ക് വാങ്ങിയ ദിവ്യാ മരിയയെ യൂണിറ്റുതലത്തിൽ ആദരിച്ചു.

**കുന്നുംപുറം:-** ഇടവക വികാരിയുടെ പൗരോഹിത്യ ജൂബിലി ആഘോഷിച്ചു. കാരുണ്യ പ്രവർത്തനങ്ങൾക്ക് ബി.സി.സി. നേതൃത്വം നൽകി.

**പോങ്ങുംമൂട്:-** ബി.സി.സി. നേതൃത്വത്തിൽ ഇടവക വാർഷികം നടത്തി. യൂണിറ്റുകളിൽ ചർച്ച ചെയ്ത് എടുക്കുന്ന ദൗത്യം അതാത് മാസങ്ങളിൽ പൂർത്തിയാക്കാൻ ശ്രമിക്കുന്നു.

**പേട്ട:-** ബി.സി.സി. യൂണിറ്റുകൾ ആരംഭിച്ചു. കൊമ്പ്രിയ തിരുനാളിന് ആരാധന ക്രമീകരണം ബി.സി.സി. തലത്തിൽ ഏറ്റെടുത്തു നടത്തി.

**കുമാരപുരം:** 8 കുടുംബയൂണിറ്റുകളിലും വാർഷിക ആഘോഷം നടത്തി. ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ പാരിതോഷികം നൽകി അനുമോദിച്ചു. ഇടവക ദൈവാലയത്തിന് ചുറ്റുമുള്ള എല്ലാ കോൺവെന്റുകളിലെ സന്യാസ്തരെയും ചാരിറ്റബിൾ സൊസൈറ്റി പ്രതിനിധികളെയും ബി.സി.സി. ഭാരവാഹികളെയും ഉൾപ്പെടുത്തി ക്രിസ്തുമസ് ആഘോഷം നടത്തി.

**പാളയം ഫെറോന**

പാളയം ഫെറോനയിലെ മിക്കവാറും എല്ലാ ഇടവകകളിലും യൂണിറ്റ് യോഗം നടക്കുന്നുണ്ട്. ഇലക്ഷന്റെ തിരക്ക് കാരണം പല ഇടവകകളിലും യോഗങ്ങൾ നടക്കാതെ വന്നു.

**പേരൂർക്കട:-** പാരിഷ് കൗൺസിൽ കൂടുമ്പോൾ എല്ലാ ശുശ്രൂഷാ കൺവീനർമാരും അവരുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചു. കുടുംബകൂട്ടായ്മയിൽ വരാത്ത കുടുംബങ്ങളെ സന്ദർശിക്കുവാനും അവരെ യോഗത്തിലേക്ക് കൊണ്ടുവരുവാനുമുള്ള ഒരുക്കങ്ങൾ നടക്കുന്നു.

**കുറവൻകോണം:-** ക്രിസ്തുമസിന് ഓരോ യൂണിറ്റിനും കേക്ക് നൽകി.

**പുല്ലുവിള ഫെറോന**

23.12.2022 ൽ ലൂർദ്ദുപുരം ഇടവകയിൽ വച്ച് ഫെറോനാതല പ്രതിമാസയോഗവും ക്രിസ്തുമസ് ആഘോഷവും നടത്തി. യോഗത്തിൽ ഫെറോന വികാരി, വൈദിക കോ-ഓർഡിനേറ്റർ എന്നിവർ ചേർന്ന് കോ-ഓർഡിനേറ്റർമാരെ ആദരിച്ചു. കൗൺസിൽ അംഗങ്ങൾക്കായുള്ള ഫെറോനാതല പരിശീലനം 31.12.2022, 07.01.2023 എന്നീ തീയതികളിൽ 4 ഇടവകകളിൽ വച്ച് നടത്തി. വൈദികർ, റിസോഴ്സ് ടീം അംഗങ്ങൾ, ബി.സി.സി. ആനിമേറ്റർ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. എല്ലാ ഇടവകകളിലും പുതുവർഷ ദിവ്യബലിക്ക് പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു. ഫെറോന റിസോഴ്സ് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ പുതിയതുറ, പള്ള എന്നീ ഇടവകകളിൽ യൂണിറ്റ് തിരഞ്ഞെടുപ്പ് നടത്തി. 02.01.2023 ന് ഫെറോനാതലത്തിൽ അടിമലത്തുറ ഇടവകയിൽവച്ച് ബി.സി.സി. കോ-ഓർഡിനേറ്റർമാരുടെയും സിസ്റ്റർ ആനിമേറ്റർമാരുടെയും പരിശീലനം നടത്തി.

പള്ളം, പരുത്തിയൂർ, കരുംകുളം, കൊല്ലങ്കോട്, കരിച്ചൽ, ചൊവ്വര, പുല്ലുവിള, പൂവ്വാർ എന്നീ ഇടവകകളിൽ ബി.സി.സി. ജനറൽ ബോഡി യോഗം കൂടുകയും ഇടവക തിരുനാളുകളും മറ്റ് പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുവാനുള്ള ചർച്ചകൾ നടക്കുകയും ചെയ്തു. യൂണിറ്റുകളിൽ വചനവിചിന്തനാധിഷ്ഠിതമായ പുണ്യപ്രവർത്തികൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പരുത്തിയൂർ, കരുംകുളം, കൊല്ലങ്കോട്, പള്ളം, കരിച്ചൽ, ചൊവ്വര എന്നീ ഇടവകകളിൽ റിസോഴ്സ് ടീം രൂപീകരിച്ചു. കൊല്ലങ്കോട് ഇടവകയിൽ ഇടവക വികാരി വചനക്ലാസ് നൽകുകയും റിസോഴ്സ് ടീം അംഗങ്ങൾ എല്ലാ യൂണിറ്റ് സന്ദർശിച്ച് വചനവിചിന്തനം നടത്തുകയും ചെയ്തു. എല്ലാ ഇടവകകളിലും ക്രിസ്തുമസ് ഫെസ്റ്റ് വാർഡുതലത്തിലും ഇടവകതലത്തിലും നടത്തി. ലൂർദ്ദുപുരം ഇടവകയിൽ ക്രിസ്തുമസിനോടനുബന്ധിച്ച് ലാസലേറ്റ് മാതാ കുടുംബയൂണിറ്റംഗങ്ങൾ ചേർന്ന് ബൈബിൾ കൈയ്യെഴുത്ത് പ്രതി പ്രകാശനം ചെയ്തു. കരിച്ചൽ ഇടവകയിൽ ബി.സി.സി.യുടെ നേതൃത്വത്തിൽ 3 കുട്ടികൾക്ക് പുതുവസ്ത്രം നൽകുകയും ഇതര മതസ്ഥർക്ക് കേക്ക് വിതരണം നൽകുകയും ചെയ്തു. കൊച്ചുപള്ളി ഇടവകയിൽ ബി.സി.സി.യുടെ നേതൃത്വത്തിൽ ദേവസഹായം പിള്ള ദൈവാലയ തീർത്ഥാടനം നടത്തി.

എല്ലാ ഇടവകകളിലും ബി.സി.സി. കോ-ഓർഡിനേറ്റർമാർ, സിസ്റ്റർ പ്രതിനിധികൾ അടിയന്തിര ഘട്ടങ്ങളിൽ വൈദികർ എന്നി

വരുടെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനം നടന്നുവരുന്നു. പൂവ്വാർ ഇടവകയിൽ ബി.സി.സി. ക്കായി പുതിയ സൗണ്ട് സിസ്റ്റം ക്രമീകരിച്ചു. പരുത്തിയൂർ ഇടവകയിൽ നവവൈദികനായ ഫാ. ക്രിസ്റ്റൽ ഭായിയുടെ പ്രഥമ ദിവ്യബലി അർപ്പണക്രമീകരണം ബി.സി.സി. നടത്തി. കരും കുളം ഇടവകയിൽ എല്ലാ ഞായറാഴ്ചയും ബി.സി. സി. കൂട്ടായ്മ നടത്തിവരുന്നു. കൊല്ലങ്കോട് ഇടവകയിൽ നിന്ന് എല്ലാ യൂണിറ്റുകൾക്കും ഹാജർ ബുക്ക് നൽകി. ലൂർദ്ദുപുരം ഇടവകയിൽ എ3 യൂണിറ്റിന്റെ നേതൃത്വത്തിൽ വേളാങ്കണ്ണി തീർത്ഥാടനം നടത്തുകയും വരുമാനം ക്യാൻസർ രോഗി ധനസഹായത്തിനും സാധുവിവാഹത്തിനും വിനിയോഗിച്ചു. പൂവ്വാർ ഇടവകയിൽ പഴയ ബി.സി.സി. ജനറൽ ബോഡി ഭാരവാഹികളെ ആദരിച്ചു. കരുംകുളം ഇടവകയിൽ ബി.സി.സി ജനറൽ ബോഡി സമിതികൾക്കും അവബോധം നൽകുകയും ഓരോ ശുശ്രൂഷകൾക്കും ആവശ്യമായ ഭാരവാഹികളെ എല്ലാ ആനിമേറ്റർമാരും ചേർന്ന് തിരഞ്ഞെടുക്കുകയും ചെയ്തു. പുല്ലുവിള ഇടവകയിൽ ഓരോ യൂണിറ്റിൽ നിന്നും ഭവനമില്ലാവരുടെ അപേക്ഷ സ്വീകരിച്ചു.

കരുംകുളം, കൊച്ചുതുറ, പള്ളം, കരിച്ചൽ, നമ്പ്യാതി എന്നീ ഇടവകകളിൽ യൂണിറ്റുതല ജനസംഖ്യാശേഖരണം പൂർത്തിയായി. മറ്റ് ഇടവകകളിൽ പുരോഗമിക്കുന്നു.

**കഴക്കൂട്ടം ഫെറോന**

ഡിസംബർ 18-ാം തീയതി ഫെറോനാതലത്തിൽ നടത്തിയ പാരിഷ് കൗൺസിൽ അംഗങ്ങളുടെ പരിശീലനത്തിൽ പങ്കെടുക്കാത്ത 12 പേർ രൂപതാതലത്തിൽ ജനുവരി 14-ാം തീയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തിയ പരിശീലനത്തിൽ പങ്കെടുത്തു. ജനുവരി 22-ാം തീയതി ഞായറാഴ്ച ഉച്ചക്ക് 3 മണിക്ക് ധനകാര്യ സമിതി അംഗങ്ങൾക്കായുള്ള പരിശീലനം കഴക്കൂട്ടം ഫെറോനയിലെ സെന്റ് ജോസഫ്സ് പാരിഷ് ഹാളിൽ നടത്തുകയുണ്ടായി. രൂപതയിൽ നിന്നുള്ള ശ്രീമാൻ ഫ്രാൻസിസ് ബോർജിയ, ശ്രീമാൻ സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾ കൈകാര്യ ചെയ്തു. ഫെറോനാ വികാരിയുടെ നേതൃത്വത്തിൽ നടത്തിയ ക്ലാസിൽ 5 വൈദികർ പങ്കെടുത്തു. അതോടൊപ്പം 7 ഇടവകകളിൽ നിന്നുമായി 28 പേരും ക്ലാസിൽ പങ്കെടുത്തു. ജനുവരി മാസം 8-ാം തീയതി ഫാത്തിമ മാതാ കഴക്കൂട്ടം ഇടവകയിൽ ജനറൽബോഡി കൂടുകയുണ്ടായി.

**അഞ്ചുതെങ്ങ് ഫെറോന**

അഞ്ചുതെങ്ങ് ഫെറോനയിലെ ജോയിന്റ് ആനിമേറ്റർമാ

രുടെ സംയുക്തയോഗം 11-ാം തീയതി ഫെറോന വികാരി റവ. ഫാ. ജസ്റ്റിൻ ജൂഡിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ശുശ്രൂഷാ സമിതികൾ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും വിലയിരുത്തുകയും ചെയ്തു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബി.സി.സി. ഭാരവാഹികൾക്ക് തങ്ങളുടെ കർത്തവ്യങ്ങൾ ശരിയായി നിർവ്വഹിക്കാൻ ആവശ്യമായ തുടർ പരിശീലനം ഫെറോനാതലത്തിൽ നൽകുവാൻ തീരുമാനിച്ചു. 11.01.2023 ന് ചേരുവാൻ തീരുമാനിച്ച പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പിന് വേണ്ട ക്രമീകരണങ്ങൾ ബഹുമാനപ്പെട്ട ഫെറോന വികാരി ആനിമേറ്റർമാരെ ചുമതലയേൽപിച്ചു. കൂടുതൽ ക്രമീകൃതവും ഊർജ്ജസ്വലവുമായി പ്രവർത്തനങ്ങൾക്കായി മുന്നേറണമെന്ന് ഫെറോന സെക്രട്ടറി ഫാ. മെൽവിൻ സൂസൈ ആവശ്യപ്പെടുകയുണ്ടായി.

**ഫാ. ഡാനിയേൽ**
**ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി**

## അജപാലനശുശ്രൂഷ

**ഫെറോന വൈദിക കോ-ഓർഡിനേറ്റേഴ്സ് യോഗം**

ജനുവരി മാസം 16-ാം തിയതി ഫെറോനാതല അജപാലനശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്ന വൈദികരുടെ യോഗം അജപാലനശുശ്രൂഷ ഓഫീസിൽ വച്ച് കൂടുകയുണ്ടായി.

**ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ**

ജനുവരി മാസം 17-ാം തിയതി ഫെറോനാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങളെ അവലോകനം ചെയ്തു.

2022-23 ഡയറിയുടെ അടിസ്ഥാനത്തിൽ അധ്യാപകരുടേയും വിദ്യാർഥികളുടേയും വാർഷിക പരീക്ഷ ഏപ്രിൽ 2-ാം തിയതി നടത്തുവാൻ തീരുമാനിച്ചിരുന്നെങ്കിലും, അന്നേ ദിനം ഓശാന ഞായർ ആയതിനാൽ ഈ പരീക്ഷ ഏപ്രിൽ 16 ഞായറാഴ്ചയിലേക്ക് മാറ്റിയിരിക്കുന്നു. മുതിർന്നവർക്കുള്ള ചോദ്യപേപ്പറുകൾ ഇടവക തലത്തിൽ തന്നെ തയ്യാറാക്കി പരീക്ഷ നടത്തേണ്ടതാണ്.

2022-23 ഡയറിയുടെ അടിസ്ഥാനത്തിൽ അധ്യാപകരുടേയും വിദ്യാർഥികളുടേയും ഫെറോന-അതിരൂപത വാർഷിക പരീക്ഷ ഏപ്രിൽ 23-ാം തിയതി നടത്തുവാൻ തീരുമാനിച്ചിരുന്നെങ്കിലും ഈ പരീക്ഷ ഏപ്രിൽ 30-ാം തിയതിലേക്ക് മാറ്റിയി

രിക്കുന്നു.

**രണ്ടാം സെമസ്റ്റർ പരീക്ഷകൾ**

| പരീക്ഷകൾ | തീയതി | സമയം | സ്ഥലം |
|---|---|---|---|
| ഇടവക | 16.04.2023 | 10:00 am -12 noon | ഇടവക |
| ഫെറോന/ അതിരൂപത | 30.04.2023 | 2:00 pm - 4:00 pm | ഫെറോന സെന്റർ |
| KRLCC | 17.05.2023 | 2:00 pm - 4:00 pm | കൊല്ലം |

**ക്രിസ്തുമതസമ്പൂർണ ചരിത്രക്വിസ് – 2023**

കെ.ആർ.എൽ.സി.സി. മതബോധന കമ്മിഷന്റെ ആഭിമുഖ്യത്തിൽ മതബോധന അധ്യാപകർക്കും വിദ്യാർഥികൾക്കുമായി 'ക്രിസ്തുമത സമ്പൂർണ ചരിത്രക്വിസ്' ലോഗോസ് പരീക്ഷ നടത്തുന്ന മാതൃകയിൽ 2023 ജനുവരി 15–ന് 2 മണി മുതൽ 4 മണിവരെ നടത്തുകയുണ്ടായി.

അഞ്ചുതെങ്ങ് ഫെറോനയിൽനിന്ന് അരയത്തുരുത്തി, മാമ്പള്ളി, താഴംപള്ളി, അയിരൂർ, ചമ്പാവ്, അഞ്ചുതെങ്ങ്, സെന്റ് മേരീസ് ചാപ്പൽ ഇടവകളിൽ നിന്നായി 128 പേർ രജിസ്റ്റർ ചെയ്യുകയും 38 പേർ പരീക്ഷ എഴുതുകയും ചെയ്തു.

പുതുക്കുറിച്ചി ഫെറോനയിൽനിന്ന് പുതുക്കുറിച്ചി, പുത്തൻതോപ്പ്, സെന്റ്ഡോമനിക് എന്നീ ഇവടകകളിൽനിന്നായി 76 പേർ രജിസ്റ്റർ ചെയ്യുകയും 32 പേർ പരീക്ഷ എഴുതി.

കഴക്കൂട്ടം ഫെറോനയിൽ നിന്ന് കാര്യവട്ടം, മുരുക്കുംപുഴ, ഞാണ്ടൂർകോണം, തുണ്ടത്തിൽ, സെന്റ് ജോസഫ് കഴക്കൂട്ടം എന്നീ ഇടവകകളിൽനിന്നായി 44 പേർ രജിസ്റ്റർ ചെയ്യുകയും 10 പേർ പരീക്ഷ എഴുതുകയും ചെയ്തു.

വലിയതുറ ഫെറോനയിൽ നിന്ന് ചെറിയതുറ, തോപ്പ്, വലിയതുറ, കൊച്ചുവേളി, സെന്റ് സേവ്യേഴ്സ് വലിയതുറ എന്നീ ഇടവകയിൽ നിന്ന് 94 പേർ രജിസ്റ്റർ ചെയ്യുകയും 46 പേർ പരീക്ഷ എഴുതുകയും ചെയ്തു.

പേട്ട ഫെറോനയിൽ നിന്ന് പേട്ട, കുശവർക്കൽ, പോങ്ങുംമൂട് ഇടവകകളിൽനിന്ന് 53 പേർ രജിസ്റ്റർ ചെയ്യുകയും 20 പേർ പരീക്ഷ എഴുതുകയും ചെയ്തു.

പാളയം ഫെറോനയിൽനിന്ന് തൃക്കണാപുരം, കുടപ്പനക്കുന്ന്, പൂഴിക്കുന്ന്, പാളയം, കാച്ചാണി, കിള്ളിപ്പാലം എന്നീ ഇടവകകളിൽ നിന്ന് 71 പേർ രജിസ്റ്റർ ചെയ്യുകയും 10 പേർ പരീക്ഷ എഴുതുകയും ചെയ്തു.

കോവളം ഫെറോനയിൽനിന്ന് കാക്കാമൂല, പൂങ്കുളം, വവ്വാമൂല, പാലപൂർ, പൂന്തുറ, കാരയ്ക്കാമണ്ഡപം എന്നീ ഇടവകകളിൽനിന്ന് 132 പേർ രജിസ്റ്റർ ചെയ്യുകയും 41 പേർ പരീക്ഷ എഴുതുകയും ചെയ്തു.

പുല്ലുവിള ഫെറോനയിൽനിന്ന് ലൂർദ്ദ്പുരം, കുരുംകുളം, പുല്ലുവിള, പരുത്തിയൂർ, പുതിയതുറ, കരിച്ചൽ, നമ്പ്യാതി എന്നീ ഇടവകകളിൽനിന്ന് 82 പേർ പരീക്ഷ എഴുതുകയും ചെയ്തു.

ക്രിസ്തുമതസമ്പൂർണ ചരിത്രക്വിസ് മത്സരത്തിൽ വിജയിച്ച ആദ്യമൂന്ന് സ്ഥാനക്കാർ ചുവടെ ചേർക്കുന്നു.

| ഗ്രൂപ്പ് | പേര് | ഇടവക | ഫെറോന | മാർക്ക് | റാങ്ക് |
|---|---|---|---|---|---|
| | ഷീന ഷിബു | വലിയതുറ | വലിയതുറ | 73 | I |
| A | അക്സാ അനിൽ കുമാർ | വലിയതുറ | വലിയതുറ | 72 | I |
| | ആരോൺ ഡാനിയേൽ | മുരുക്കുംപുഴ | കഴക്കൂട്ടം | 65 | III |
| | ജ്യോതി എൽ. ജോവൻ | പുല്ലുവിള | പുല്ലുവിള | 95 | I |
| B | ജ്യോസ്നാ ആർ. | അയിരൂർ | അഞ്ചുതെങ്ങ് | 94 | I |
| | റിയാൻ എസ്. വിയാനി | പാലപ്പൂര് | കോവളം | 91 | III |
| | റീജാ സി. | പൂഴിക്കുന്ന് | പാളയം | 100 | I |
| C | ലെറ്റിഷ്യാ പെരേര | പേട്ട | പേട്ട | 97 | I |
| | ജോണി സി. ദാസ് | പരുത്തിയൂർ | പുല്ലുവിള | 94 | III |

**കരിസ്മാറ്റിക് മുന്നേറ്റം**

തിരുവനന്തപുരം ലാറ്റിൻ അതിരുപതാ കരിസ്മാറ്റിക് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം സി.എസ്.സിയുടെ പ്രവർത്തന റിപ്പോർട്ടു. പ്രാദേശിക സഭകളിൽ ഉണ്ടായ സങ്കീർണ്ണമായ പ്രശ്നങ്ങൾക്കു വേണ്ടി 9/12/22 ൽ എമ്മാവൂസിൽ ആരംഭിച്ച മാധ്യസ്ഥ പ്രാർത്ഥനകളിൽ തിരു.സോണിന്റെ സാന്നിധ്യം ഉണ്ടായിരുന്നു. കൂടാതെ ഇതേ ആവശ്യത്തിനായി 30/12/22 നു എമ്മാവൂസിൽ നടത്തിയ മാധ്യസ്ഥ പ്രാർത്ഥനയിലും തിരു. സോണിന്റെ മാധ്യസ്ഥ മിനിസ്ട്രിയുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ഇത്തരണത്തിൽ ഈ പ്രാർത്ഥനയിൽ പങ്കു ചേർന്ന എല്ലാവർക്കും നന്ദി പറയുന്നു.

പുതുക്കുറിച്ചി സബ് സോണിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി സബ് സോണിലെ എല്ലാ ഇടവകകളിലും കരിസ്മാറ്റിക് കുടുംബാംഗങ്ങളെ നേരിൽ ചെന്നു കണ്ട് പ്രാർത്ഥിക്കുകയും എല്ലാ ശുശ്രൂകളിലും എല്ലാവരുടെയും സാന്നിധ്യം ഉണ്ടാകണമെന്ന് അപേക്ഷിക്കുകയുണ്ടായി. കൂടാതെ എല്ലാ ഇട

വക വികാരിമാരെ നേരിൽ ചെന്നു കാണുകയും എല്ലാവരുടെയും സഹകരണം ഉറപ്പു വരുത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി 7/1/23 ൽ അനുഗ്രഹ ഭവൻ ഡയറക്ടറും സബ് സോണിന്റെ ആനിമേറ്റർ കൂടിയായ റവ.മൊൺ. ജോർജ് പോളച്ചന്റെ അദ്ധ്യക്ഷതയിൽ ക്രിസ്തുമസിന്റെയും, പുതുവൽസരത്തിന്റെയും ആഘോഷം നടത്തുകയുണ്ടായി. നിരവധി കരിസ്മാറ്റിക് കുടുംബാംഗങ്ങളുടെ സാന്നിധ്യം ഈയവസരത്തിൽ ഉണ്ടായിട്ടുണ്ട്. വളരെ സന്തോഷത്തോടെയാണ് ആനിമേറ്ററച്ചൻ അഭിസംബോധന ചെയ്തത്.

സഭാനവീകരണം ലക്ഷ്യം വച്ച് നടക്കുന്ന എല്ലാ ശുശ്രൂഷകൾക്കു വേണ്ടിയും കരിസ്മാറ്റിക് കുടുംബാംഗങ്ങൾ നിരന്തരമായി ജപമാലകൾ അർപ്പിച്ചുകൊണ്ടിരിക്കുകയാണ്. 2023 ജനുവരി ആദ്യ ആഴ്ച എത്തിയപ്പോൾത്തന്നെ 3,32, 616 ജപമാലകൾ എത്തിച്ചു കഴിഞ്ഞു. ഇപ്പോഴും ഈ പ്രാർത്ഥനായജ്ഞം തുടർന്നു വരുന്നു. അഞ്ചുതെങ്ങ് സബ്സോണിലും, കഴക്കൂട്ടം സബസോണിലും, തൂത്തൂർ സബ് സോണിലും, പുല്ലുവിള സബ് സോണിലും നൈറ്റ് വിജിലും, ജാഗരണ പ്രാർത്ഥനകളും നടത്തുകയുണ്ടായി. ഈ സബ് സോണുകളിലെല്ലാം ആനിമേറ്റർ അച്ചന്മാരുടെ സഹകരണത്തോടെയാണ് ശുശ്രൂഷകൾ നടന്നത്. പാളയം സബ് സോണിലെ ഇടവകളിലൊന്നായ നന്ദൻകോട് ഇടവകയിൽ മുടങ്ങിക്കിടന്ന കൂട്ടായ്മ പുനരാരംഭിച്ചു. ഇടവക വികാരി ഡൈസൻ അച്ചന്റെ സാന്നിധ്യവും ആശീർവാദവും ഉണ്ടായിരുന്നു. അതുപോലെ തന്നെ വട്ടിയൂർക്കാവ് സബ്സോണിലെ ഇടവകളിലൊന്നായ കുലശേഖരം ദൈവലായത്തിൽ വച്ച് മാധ്യസ്ഥ പ്രാർത്ഥന പുനരാരംഭിച്ചു. ഈ സബ് സോണിന്റെ ആനിമേറ്ററും ഇടവക വികാരിയുമായ റവ. ജെറോം അമൃതയ്യൻ അച്ചന്റെ സാന്നിധ്യവും ആശീർവാദവും ഉണ്ടായിരുന്നു.

അനുഗ്രഹ ഭവൻ ധ്യാനകേന്ദ്രത്തിൽ 2023 ജനുവരി 12, 13, 14, 15 എന്നീ തിയതികളിൽ റവ.ഫാ. മാത്യു വയലമണ്ണിന്റെ നേതൃത്വത്തിൽ അഭിഷേക ധ്യാനം നടക്കുകയുണ്ടായി. തിരു.സോണിന്റെയും, പുതുക്കുറിച്ചി സബ്സോണിന്റെയും പൂർണ്ണമായ സഹകരണത്തോടെയാണ് ധ്യാനം നടന്നതും ദൈവകൃപയാൽ വൻ വിജയമായതും. ഡയറക്ടറച്ചൻ ജോർജ് പോളിന്റെയും, അസി.ഡയറക്ടറച്ചൻ വർഗ്ഗീസിന്റെയും, ബ്ര. ലെഗ്നീസിന്റെയും അശ്രാന്ത പരിശ്രമത്തിന്റെയും ഫലമായിട്ടാണ് ഈ ധ്യാനം വൻ വിജയമായത്. കൂടാതെ ഈ ധ്യാന ശുശ്രൂഷകൾക്കു വേണ്ടി അക്ഷീണം പ്രവർത്തിച്ച ശുശ്രൂഷകരുടെ ഒരു സ!!ൈ!!ന്യം തന്നെ ജാഗരൂകരായി

പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് അടുക്കും ചിട്ടയോടുകൂടി ഈ ധ്യാനം നടന്നത്. ഇവർക്കെല്ലാം ഡയറക്ടറച്ചൻ നന്ദി പറയുകയുണ്ടായി. ധ്യാനത്തിന്റെ ഒന്നാം ദിവസം മെത്രാപ്പോലീത്തയും, അവസാന ദിവസം സൂസപാക്യം പിതാവും സന്നിഹിതരായിരുന്നു.

സമന്വയ

2023 ജനുവരി 18ാം തീയതി ബുധനാഴ്ച സഭാനവീകരണത്തിന്റെ ഭാഗമായി കെ.സ്.എസ്.സി സമിതി അംഗങ്ങൾ നമ്മളെ കേൾക്കുവാനായി വെള്ളയമ്പലം ആനിമേഷൻ സെൻററിൽ എത്തുകയാണ്. എല്ലാ ശുശ്രൂഷകരും ഇതിൽ പങ്കെടുക്കുന്നുണ്ട്. കൂടാതെ LSS കോഴ്സ് പൂർത്തിയാക്കിവരോടൊപ്പവും YU4C യിലെ യുവാക്കളോടൊപ്പവും ആശയ വിനിമയം നടത്തുന്നുണ്ട്.

**ഫാ. ഡാർവിൻ പീറ്റർ**
**ഡയറക്ടർ**

# കുടുംബപ്രേഷിത ശുശ്രൂഷ

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ്**

കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ ഒൻപതാം ബാച്ചിന്റെ ക്ലാസ്സ് ഈ മാസം 7, 21 തീയതികളിലും 5- ാമത് ബാച്ച് ഡിപ്ലോമ കോഴ്സിന്റെ ക്ലാസ്സ് 14, 28 തീയതികളിലും നടന്നു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 25പേർക്ക് പ്രശ്ന പരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ കുടുംബപ്രേഷിത ശുശ്രൂഷ ഓഫീസിൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

ഇതുവരെയായി 530 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 454 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 13അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 10 അപേക്ഷകൾക്ക് ധനസഹായം നൽകി.

**കരുണാമയൻ**

ആരും തനിച്ചല്ല എന്ന പ്രോജക്ടുവഴി 106 വ്യക്തികൾക്ക് ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങളിൽ സന്ദർശിക്കുകയും ധനസഹായം നൽകുകയും ചെയ്തു.

**ഹീലിംഗ് ഹാൻഡ്സ്**

രോഗികളായി കഷ്ടതയനുഭവിക്കുന്നവരിൽ നിന്ന് ഇതുവരെയായി 167 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 114 പേർക്ക് ധനസഹായം നൽകാൻ സാധിച്ചു. ഈ മാസം 5 അപേക്ഷകൾ ലഭിക്കുകയും അന്വേഷണ വിധേയമാക്കിയ ശേഷം 3 പേർക്ക് സഹായം നൽകുകയും ചെയ്തു.

**ജീവൻ സമൃദ്ധി**

അതിരൂപതയിലെ വലിയകുടുംബങ്ങളിലെ കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാനം ജനുവരി 12 ഉച്ചതിരിഞ്ഞ് 3 മണിക്ക് പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ വച്ച് നടത്തുകയുണ്ടായി. വലിയകുടുംബങ്ങളിൽ നിന്നുള്ള 6 കുഞ്ഞുങ്ങൾക്കാണ് ഇത്തവണ അതിരൂപതാ സഹായമെത്രാൻ ക്രിസ്തുദാസ് പിതാവാണ് ജ്ഞാനസ്നാനം നൽകിയത്. കുടുംബശുശ്രൂഷ ഡയറ്കടർ ഫാ. ക്രിസ്റ്റൽ റൊസാരിയോ, ഫാ. അജിത്ത്, ഫാ. ഡാർവിൻ എന്നിവർ പങ്കെടുത്തു.

ജ്ഞാനസാനാനാർത്ഥികളായ 6 കുട്ടികളുടെ സുരക്ഷിത ഭാവിക്കായി അവരുടെ പേരിൽ 10,000/- രൂപ വീതം നിക്ഷേപിച്ച് ജീവൻ സമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി.

**ഫെറോന തല പ്രവർത്തനങ്ങൾ**

**പാളയം ഫെറോന**

പാളയം ഫെറോനയിലെ രണ്ടു ഭവനങ്ങൾ സന്ദർശിച്ചു റിപ്പോർട്ട് നൽകുവാൻ സാധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടു കുടംബങ്ങളെയും കരുണാമയൻ പദ്ധതിയിൽ ചേർത്തു സഹായം നൽകാൻ തീരുമാനിച്ചു. ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടക്കുന്നതിൽ കൂടുതൽ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഇടവകയിൽ നടത്തുവാൻ സാധിച്ചിട്ടില്ല.

**പേട്ട ഫെറോന**

പേട്ട ഫെറോനയുടെ ഫെറോന കൗൺസിൽ തെരഞ്ഞെടുപ്പ് ജനുവരി 22 ന് ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ പാരീഷ് ഹാളിൽ വച്ച് നടക്കികയുണ്ടായി. ഫെറോനയുടെ ശുശ്രൂഷാ കൺവീനറായി പേട്ട ഇടവകയിലെ ശ്രീ. ജെസ്റ്റൽ റോഡ്രിക്സിനെ തെരഞ്ഞെടുത്തു.

**പേട്ട:** അപകടത്തിൽ ആശുപത്രിയിലായ ഒരു രോഗിക്ക് ഒരു വീൽ ചെയർ 10 ദിവസത്തേക്ക് വാടകക്ക് എടുത്ത് നൽകി. രോഗികൾക്ക് ഫുഡ്കിറ്റ് നൽകി. കൊമ്പ്രിയത്തിരുന്നാളിന് അജപാലത്തിനോ ടൊപ്പം സന്ധ്യാവന്ദന ആരാധനക്കുവേണ്ട ക്രമീകരണങ്ങൾ നടത്തി. **മുട്ടട:** കുട്ടികൾക്കായി മൂന്ന് ദിവസത്തെ താമസിച്ചുള്ള ധ്യാനം നടത്തി. 46 കുട്ടികൾ പങ്കെടുത്തു. മാതാപിതാക്കളുടെ സഹകര ണവും ഉണ്ടായിരുന്നു.

മറ്റ് ഇടവകകളിൽ കുടുംബശുശ്രൂഷയുടെ മീറ്റിംഗ് നടന്നു. എക്സിക്യുട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുത്തു. ഭവനങ്ങളിലായി രിക്കുന്ന രോഗികളെ സന്ദർശിക്കുന്നു.

**പുല്ലുവിള ഫെറോന**

ജനുവരി 4 ആനിമേറ്റേഴ്സിനായി അതിരൂപതാതലത്തിൽ നടത്തിയ പരിശീലനക്ലാസ്സിൽ പങ്കെടുത്തു. ഫെറോനയിലെ കിടപ്പുരോഗികളും ഏകസ്തരും നിർധനരുമായ 32 കുടുംബങ്ങളെ അതിരൂപതാ സമിതിയോടൊപ്പം സന്ദർശിക്കുകയും കുടുംബ ങ്ങളുടെ അവസ്ഥ വിലയിരുത്തുകയും ചെയ്തു. പുല്ലുവിള ഫെറോനയിലെ 3 സാധുകുടുംബങ്ങൾക്ക് വിവാഹ ധനസഹായം അതിരൂപതയിൽ നിന്ന് എത്തിച്ചുകൊടുത്തു. ഫെറോനതലത്തിൽ പരുത്തിയൂർ, കരുംകുളം, പുല്ലുവിള, കൊച്ചുപള്ളി എന്നീ സെന്ററുകളിൽ വച്ച് നടത്തിയ ശുശ്രൂഷ സമിതി പരിശീലന ക്ലാസ്സിൽ കുടുംബശുശ്രൂഷ കൺവീനർമാരും സിസ്റ്റർ പ്രതിനിധികളും പങ്കെടുത്തു. ഡിസംബർ 30 ന് അതിരൂപതാ തലത്തിൽ നടത്തിയ ഭിന്ന ശേഷിക്കാരുടെ സംഗമത്തിൽ പുല്ലുവിള ഫെറോനയിൽ നിന്ന് അംഗങ്ങൾ പങ്കെടുത്തു.

**ഇടവകതലം**

പൂവ്വാർ, അടിമലത്തുറ, ലൂർദ്ദുപുരം, കരുംകുളം, കൊല്ലം കോട്, പുല്ലുവിള, പുതിയതുറ എന്നീ ഇടവകകളിൽ ഇടവകതല സമിതി കൂടുകയും ഭാരവാഹികളെയും തെരഞ്ഞെടുത്തു.

കരുംകുളം, പരുത്തിയൂർ, പൂവ്വാർ, കൊല്ലംകോട് എന്നീ ഇടവകകളിൽ മന്ന പദ്ധതിയിലൂടെ 67 കുടുംബങ്ങൾക്ക് ഭക്ഷണ സാധനം നൽകി വരുന്നു.

എല്ലാ ഇടവകകളിലും രോഗീസന്ദർശനം, ഭവനസന്ദർശനം, കൗൺസിലിംഗ് എന്നിവ സന്യസ്തരുടെ നേതൃത്വത്തിൽ നടന്നു വരുന്നു.

കരുംകുളം ഇടവകയിൽ കിടപ്പുരോഗികൾക്ക് പുതുവത്സര

ത്തിൽ വസ്ത്രങ്ങൾ സമ്മാനിച്ചു.

**വിവാഹ ഒരുക്കസെമിനാർ**

വിവാഹ ഒരുക്കസെമിനാർ 2023 ജനുവരി 9, 10 തീയതികളിൽ നടന്ന കോഴ്സിൽ 110 പേരും 2023 ജനുവരി 27, 28 തീയതികളിൽ നടന്ന കോഴ്സിൽ 90 പേരും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

അടുത്ത കോഴ്സുകൾ 2023 ഫെബ്രുവരി 17, 18 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ തിരുവനന്തപുരം അതിരൂപതയിൽ നിന്നു മാത്രമായി 15 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. മാര്യേജ് ബ്യൂറോ കെ.ആർ.എൽ.സി.സി. തലത്തിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com.

**ഫാ. ക്രിസ്റ്റൽ റൊസാരിയോ**
**ഡയറക്ടർ**

## യുവജന ശുശ്രൂഷ

കെ.സി.വൈ.എം. അതിരൂപത സമിതി ഫെറോനാതല സംഘടന പരിപാടികളുമായി മുന്നോട്ടു പോകുന്നു.

1) കെ.സി.വൈ.എം ന്റെ ചരിത്രത്തിൽ എഴുതി ചേർക്കപ്പെടുന്ന വിജയമാണ് കെ.സി.വൈ.എം സ്റ്റേറ്റ് സ്പോർട്സ് മീറ്റിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത സ്വന്തമാക്കിയിരിക്കുന്നത്. ആദ്യമായാണ് ഇങ്ങനെയൊരു വിജയം കൈവരിക്കുന്നത്. സംസ്ഥാന സമിതിയുടെ എവറോളിംഗ് ട്രോഫി സ്വന്തമാക്കുക എന്ന ലക്ഷ്യം പൂർത്തീകരിച്ച കെ.സി.വൈ.എം സമിതിക്കും, മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ കരേറ്റുന്നു.

2) 2023 ജനുവരി 7 മുതൽ 22 വരെയുള്ള നിശ്ചിത കാലയളവിൽ ഫെറോനാസെനറ്റും, ഫെറോനാ തിരഞ്ഞെടുപ്പും നടത്തുകയുണ്ടായി.

3) ജനുവരി എട്ടാം തീയതി പാളയം ഫെറോനയുടെ നേതൃത്വത്തിൽ സെനറ്റും ക്രിസ്തുമസ് ന്യൂയർ സെലിബ്രേഷനും ഇലക്ഷനും നടത്തുകയുണ്ടായി. ആകെ 15 ഇടവകകളാണ് സെനറ്റിൽ

പങ്കെടുത്തത്. പാളയം ഫെറോന ഡയറക്ടർ ഫാ.സനീഷ് സെനറ്റ് ഉദ്ഘാടനം നിർവഹിച്ചു. പാളയം ഫെറോന പ്രസിഡന്റ് രതീഷ് പതാക ഉയർത്തി. സ്നേഹവിരുന്ന് ഒരുക്കിയും കേക്ക് മുറിച്ചും അന്നത്തെ ദിവസം ഏറെ മനോഹരമാക്കി.

4) പുതുക്കുറിച്ചി ഫെറോനയുടെ നേതൃത്വത്തിൽ ഡിസംബർ 26, 27, 28 എന്നീ തീയതികളിൽ 4-ാമത് ബ്രദർ ജീവൻ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു.

5) 18/12/2022 ൽ വേൾഡ് കപ്പ് ഫുട്ബോൾ ഫൈനൽ മത്സരം സംഘടിപ്പിക്കുകയും അന്നേ ദിവസം ഇടവകയിലെ വനിതകൾക്കായി പെനാൽറ്റി ഷൂട്ട് ഔട്ട് മത്സരം സംഘടിപ്പിക്കുകയും ചെയ്തു.

6) കൊല്ലം ബിഷപ്പ് ജെറോം, അഭയ കേന്ദ്രത്തിൽ ഫുഡ് കിറ്റ് പുതുക്കുറിച്ചി ഫെറോനയുടെ നേതൃത്വത്തിൽ നൽകി.

7) പുതുക്കുറിച്ചി ഫെറോനയുടെ നേതൃത്വത്തിൽ കാരുണ്യ പ്രവർത്തന നറുക്കെടുപ്പ് നടത്തി.

8) പുതുക്കുറിച്ചി ഫെറോനയുടെ നേതൃത്വത്തിൽ കാരുണ്യ പ്രവർത്തന നറുക്കെടുപ്പ് നടത്തി.

**ഫാ. സന്തോഷ് കുമാർ**
**ഡയറക്ടർ**

## വിദ്യാഭ്യാസശുശ്രൂഷ

ഫെറോന തലത്തിൽ ഇന്ത്യാഗവൺമെന്റിന്റെ സൈനിക സ്കൂളിൽ ലേക്ക് അഡ്മിഷൻ കരസ്ഥമാകുന്നതിനായി എൻട്രൻസ് പരിശീലനം ഈ മാസം മൂന്ന് ക്ലാസ്സുകൾ നൽകുകയും ജനുവരി 8ന് 22 വിദ്യാർത്ഥികൾ ഇന്ത്യാഗവൺമെന്റ് നടത്തിയ എൻട്രൻസ് പരീക്ഷ എഴുതുകയും ചെയ്തു. തുടർന്ന് നവോദയ സ്കൂളിൽ അഡ്മിഷനായുള്ള പരിശീലനം ഈ വിദ്യാർത്ഥികൾക്ക് സംഘടിപ്പിക്കുന്നു.

2. 10-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായുള്ള നൈറ്റ് സ്റ്റഡി, പുല്ലുവിള, കരുംകുളം, കൊല്ലംങ്കോട് എന്നീ ഇടവകകളിൽ എല്ലാ ദിവസവും വൈകുന്നേരം 5 മണി മുതൽ 7.30 വരെ സംഘടിപ്പിപ്പിക്കുന്നു.

3. കരിയർ ഗൈഡൻസ്: കൊല്ലംങ്കോട് ജനുവരി 8നും പൂവാർ ഇടവകയിൽ ജനുവരി 15നും +2 വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിച്ചു. യഥാക്രമം 29, 36 എന്ന ക്രമത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു.

**ഇടവകതല സമിതി രൂപീകരണം**

പുല്ലുവിള ഫെറോനയിലെ 14 ഇടവകകളിലും വിദ്യാഭ്യാസ സമിതി യോഗം പുതിയതായി തെരഞ്ഞെടുത്ത അംഗങ്ങൾക്കായി സംഘടിപ്പിക്കുകയും ഇടവകതലത്തിൽ 15 അംഗങ്ങൾ അടങ്ങുന്ന എക്സിക്യൂട്ടീവിനെ ഓരോ ഇടവകയിലും തെരഞ്ഞെടുത്തു. ഇങ്ങനെ തെരഞ്ഞെടുത്ത അംഗങ്ങൾക്ക് ജനുവരി 29 ഞായറാഴ്ച വിദ്യാഭ്യാസ ശുശ്രൂഷതല പ്രവർത്തങ്ങളുടെ ക്ലാസ്സും, ഫെറോന എക്സിക്യൂട്ടീവ് സമിതിയെ തെരഞ്ഞെടുക്കുന്നതുമായിരിക്കും.

**പുതുക്കുറിച്ചി ഫെറോന**

പുതുക്കുറിച്ചി ഫെറോന വിദ്യാഭ്യാസ ശുശ്രൂഷാസമിതിയുടെ നേതൃത്വത്തിൽ +2 പഠിക്കുന്ന കുട്ടികൾക്കായി എഞ്ചിനീയറിംഗ് മെഡിക്കൽ, ആർക്കിടെക്ചർ, ആർട്സ് ആന്റ് സയൻസ്, നേഴ്സിങ്, പാരാമെഡിക്കൽ കോഴ്സുകളെക്കുറിച്ചും അവയ്ക്ക് ലഭ്യമാകുന്ന സ്കോളർഷിപ്പുകളെകുറിച്ചും മരിയൻ എഞ്ചിനീയറിംഗ് ആഡിറ്റോറിയത്തിൽ വച്ച് 2023 ജനുവരി 14ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ക്ലാസ്സുകൾക്ക് റ്റി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ആഷ്ലിൻ ജോസ്, ഫാ. തദേവൂസ്, പോൾസൺ സാർ എന്നിവർ നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്ന് 27 കുട്ടികൾ പങ്കെടുത്തു.

തുമ്പ, പുതുക്കുറിച്ചി എന്നീ ഇടവകകളിൽ വിദ്യാഭ്യാസ സമിതി യോഗം കൂടി എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു.

**പേട്ട ഫെറോനാ**

ഫെറോനാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയോഗം ജനുവരി 26-ാം തീയതി 3 മണിക്ക് പോങ്ങുംമൂടുള്ള ഫെറോനാ സെന്ററിൽ വച്ച് ഫെറോനാകോർഡിനേറ്റർ ഫാ. ലോറൻസ് കുലാസ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി യോഗത്തിൽ 5 തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ജനുവരി 29-ാം തീയതിയിലെ ജി.കെ. കോപ്പറ്റീഷനിൽ ഇടവക കൺവീനർമാരുടെ സഹകരണം ഉണ്ടായിരിക്കണം.

2. ഇടവകസമിതി രൂപീകരണം ഫെബ്രുവരി 25-ാം തീയതിക്ക് മുമ്പ് നടത്തുക.

3. ഫെറോനാ സമിതി എക്സിക്യൂട്ടീവ് രൂപീകരണം ഫെബ്രുവരി 26-ാം തീയതി പോങ്ങുംമൂട് വച്ച് നടത്തുന്നതാണ്.

4. ഫെബ്രുവരി 26-ാം തീയതി ഫെറോനാ പ്ലാൻ ആന്റ് ബഡ്ജറ്റ് കരട് രേഖാ അവതരണം.

5. ഫെബ്രുവരി 20-ാം തീയതിക്ക് മുമ്പ് ഫെറോനാ പ്ലാൻ & ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ വാട്ട്സാപ്പ് ഗ്രൂപ്പിലൂടെ പങ്കുവയ്ക്കുക.



യോഗത്തിൽ മൺവിള, പുല്ലുകാട്, വികാസ് നഗർ എന്നീ ഇടവകാ കൺവീനർമാർ ഒഴികെ ബാക്കി 9 ഇടവകാ കൺവീനർമാർ പങ്കെടുത്തു.

**ഇടവകതലം**

മുട്ടട ഇടവകയിൽ ജനുവരി മാസം 7-ാം തീയതി വിദ്യാഭ്യാസം സമിതിയോഗം കൂടി. 8-ാം തീയതി 4-ാം ക്ലാസ്സ് മുതൽ +2 വരെയുള്ള കുട്ടികൾക്ക് ജി.കെ. കോംപെറ്റിഷൻ നടത്തി.

ജനുവരി 15-ാം തീയതി പേട്ട, ശ്രീകാര്യം പുഷ്പഗിരി എന്നീ ഇടവകകളിൽ 4-ാം ക്ലാസ്സ് മുതൽ +2 വരെയുള്ള കുട്ടികൾക്ക് ജി.കെ കോംപെറ്റിഷൻ നടത്തി.

**വലിയതുറ ഫെറോന**

ഫെറോനാ സമിതയോഗം ഡിസംബർമാസം 16-ാം തീയത നടത്തുകയും മുൻപ്രവരത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തലും തുടർപ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധവും നൽകി. ഫെറോനാ കോർഡിനേറ്റർ ഫാ. ലെനിൻ ഫെർണാണ്ടസ് ന്റെ അധ്യക്ഷതയിൽ തോപ്പിൽ വച്ചു കൂടിയ യോഗത്തിൽ 10 ൽ 7 ഇടവകാംഗങ്ങൾ പങ്കെടുക്കുകയും ഇടവകതല പ്രവർത്തന വിലയിരുത്തലും നടത്തി.

* ഡിസംബർ 18 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് തോപ്പ് കമ്മ്യൂണിറ്റി ഹാളിൽ വച്ച് ഫൊറോന കൗൺസിൽ അംഗങ്ങൾക്കായുള്ള ക്ലാസ് നടത്തിയതിൽ പങ്കെടുക്കുകയും അവരുടെ രജിസ്ട്രേഷൻ തുടർന്ന് അവയ്ക്ക് നൽകേണ്ട സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുകയും ചെയ്തു.

* ഫൊറോനാതലത്തിൽ ഡിസംബർ 11ന് മെരിറ്റ് അവാർഡ് നൽകി. 134 എസ്.എസ്.എൽ.സി., +2, ഡിഗ്രി, പി.ജി., പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്കാണ് മൊമെന്റോ നൽകി ആദരിച്ചത്.

**ഇടവകതലം**

ഇടവകതല സമിതി രൂപീകരണം 10 ഇടവകകളിലും നടന്നു. എക്സിക്യൂട്ടീവ് രൂപീകരണം വലിയതുറ, വെട്ടുകാട്, കൊച്ചുതോപ്പ്, സെന്റ്സേവ്യേഴ്സ് വലിയവേളി, ചെറുവെട്ടുകാട് എന്നീ

ഇടവകകളിൽ നടന്നു. ബാക്കിയുള്ള ഇടവകകളിൽ ഈ ദിവസങ്ങളിൽ നടത്തുന്നതായിരിക്കും.

വലിയതുറ: ജനുവരി 16 തിങ്കളാഴ്ച വൈകുന്നേരം 5 മണിക്ക് ഇടവക എക്സിക്യൂട്ടീവ് യോഗം വലിയതുറ മേടയിൽ വച്ച് ഫാ. സാബാസ് ന്റെ അധ്യക്ഷതയിൽ കൂടുകയും റിപ്പോർട്ട് അവതരണം നടന്ന ശേഷം പുതിയ കൺവീനറിന് റിപ്പോർട്ട് ബുക്കു കൈമാറുകയും How to prepare exam awareness class എസ്.എസ്.എൽ. സി., +2 വിദ്യാർത്ഥികൾക്ക് catechismമായി ബന്ധപ്പെടുത്തി നടത്താൻ തീരുമാനിച്ചു.

* സ്കൂൾ തലത്തിൽ evening study high school ന് 3.30 മുതൽ 5.30 വരെയും +2 ന് 5 മണി മുതൽ 6 മണിവരെയും, ഇടവകതലത്തിൽ night study 5 മുതൽ 7.30 വരെയും നടന്നു വരുന്നു. night study യിൽ 12 കുട്ടികൾ പങ്കെടുത്തു. കുട്ടകളുടെ എണ്ണം കുറവായതിനാൽ യൂണിറ്റ് വിസിറ്റ് ചെയ്ത് കുട്ടികളെ കണ്ടെത്താൻ യോഗം തീരമാനിച്ചു. അക്ഷരാഭ്യാസം ഇല്ലാത്ത കുട്ടികൾക്ക് സ്കൂൾ തലത്തിൽ ത്രിഭാഷയും മാത്സ് ക്ലാസ്സും നടന്നുവരുന്നു. 15 ക്ലാസ്സുകൾ ക്രമീകരിച്ചു.

വിയവേളി: എക്സിക്യൂട്ടീവ് മീറ്റിംഗ് വിളിച്ചു കൂട്ടുകയും തുടർ പ്രവർത്തനങ്ങൾ വിലയിരുത്തലും നടത്തി. അക്ഷരാഭ്യാസം ഇല്ലാത്ത കുട്ടികൾക്കായുള്ള ക്ലാസ്സും കണക്ക് ക്ലാസ്സും യൂണിറ്റ് തലത്തിൽ വിസിറ്റ് ചെയ്തു. കുട്ടികളെ കണ്ടെത്തി വാർഡ് തലത്തിൽ പഠിപ്പിക്കാൻ തീരുമാനിച്ചു.

ജനുവരി 15 ന് തോപ്പ് കമ്മ്യൂണിറ്റ് ഹാളിൽ വച്ച് ഫൊറോന ഫിനാൻസ് കൗൺസിൽ അംഗങ്ങൾക്കായുള്ള ക്ലാസ്സ് 2 മണി മുതൽ 4.30 വരെ നടത്തി. അതിൽ പങ്കെടുത്തു വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

**കോവളം ഫൊറോന**

ബി.സി.സി. ഇലക്ഷനുമായി ഇടവകതലത്തിൽ വിദ്യാഭ്യാസ സമിതി രൂപീകരിച്ചു.

**ഇടവക സമിതി :** വവ്വാമൂല, പാലപ്പൂര് എന്നീ ഇടവകകളിൽ സമിതിയോഗം കൂടി പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**പൂന്തുറ ഇടവക :** 4-ാം ക്ലാസ് മുതൽ 9-ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികളുടെ night study ആരംഭിച്ചു. ടീച്ചേഴ്സ് ഫോറം 10, 12 എന്നീ ക്ലാസ്സുകളുടെ വിദ്യാർത്ഥികൾക്കായുള്ള സൂപ്പർവൈസറി

സ്റ്റഡി ജനുവരി മാസത്തിൽ ആരംഭിച്ചു.

ഡിഗ്രി പൂർത്തിയായ വിദ്യാർത്ഥികൾക്കായി പി.എസ്.സി. ഫോറം രൂപീകരിച്ചു.

സ്കൂൾ തലത്തിൽ എഴുതുവാനും വായിക്കുവാനും അറിയാത്ത വിദ്യാർത്ഥികൾക്കായി സ്പെഷ്യൽ ക്ലാസ്സ് നൽകി 35 കുട്ടികൾ പങ്കെടുത്തു.

**തൂത്തൂർ ഫെറോന**

**ഫെറോനാതലം**

ജനുവരി 8-ാം തീയതി ഫെറോന കൗൺസിൽ കൂടുകയും അതിൽ നിന്ന് എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**ഇടവക സമിതി യോഗങ്ങൾ**

നീരോടി, പൂത്തുറ, ഇരയിമൻതുറെയ്, ചിന്നതുറ, മാർത്താണ്ഡംതുറ എന്നീ ഇടവകകളിൽ സമിതിയോഗം കൂടുകയും എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**ഫാ. ഡൈസൻ**
**ഡയറക്ടർ**

## *കെ.സി.എസ്.എൽ. & ചൈൽഡ് കമ്മീഷൻ*

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിസംബർ മാസം 5-ാം തിയതി കെ.സി.എസ്.എൽ ഓഫീസിൽ വച്ച് ഡയറക്ടർ ഫാ. നിജു അജിത്തിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയുണ്ടായി. തുടർ പ്രവർത്തനങ്ങളായ ക്രെദോ ക്വിസ് ഫൈനൽ റൗണ്ട്, കിഡ്സ് ഡേ & ആക്ഷൻ സോങ് കോമ്പറ്റിഷൻ, സംസ്ഥാന കെ.സി.എസ്.എൽ. കലോത്സവം തുടങ്ങിയ പരിപാടികളായിരുന്നു യോഗത്തിന്റെ പ്രധാന ചർച്ചാവിഷയം. ഓരോ പരിപാടികൾക്കും വേണ്ട നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും, പരിപാടികൾ നടത്താൻ വേണ്ട വ്യക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**2. ക്രെദോ ക്വിസ് ഫൈനൽ റൗണ്ട്**

യു.പി., എച്.എസ്., എച്.എസ്.എസ്., വിഭാഗം കുട്ടികൾക്കായി ക്രെദോ ക്വിസ് ഫൈനൽ റൗണ്ട് മത്സരം ഡിസംബർ 27ന് വെള്ളയമ്പലം ടി.എസ്.എസ്.എസ്. ഹാളിൽ വച്ച് ഫാ. വിജിൽ ജോർജിന്റെ നേതൃത്വത്തിൽ നടത്തി. മൂന്ന് വിഭാഗങ്ങളിലായി വിവിധ സ്കൂ

ളുകളിൽ നിന്ന് 13 ടീമുകൾ ഫൈനലിലേക്ക് യോഗ്യത നേടിയിരുന്നു. യു.പി. വിഭാഗത്തിൽ സെന്റ്. റോക്സ് എച്ച്.എസ്. തോപ്പിലെ മഹിമ ബെൻസി ദാസും അക്സ അനിൽ കുമാറും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ലിയോ 13വേ പുല്ലുവിള സ്കൂളിലെ മേരി, ക്ലാര എന്നിവർ രണ്ടാം സ്ഥാനവും, പള്ളിത്തുറ എച്ച്.എസ്.എസിലെ ഫേവാ വി, ലിതിയാ വി എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. എച്ച്.എസ്. വിഭാഗത്തിൽ നിന്നും ലിയോ 13വേ പുല്ലുവിള സ്കൂളിലെ സൂരജ് മാർട്ടിൻ, ആൻ മരിയ എസ്. പെരേര എന്നിവർ ഒന്നാം സ്ഥാനവും, സെന്റ് മേരീസ് എച്ച്.എസ്.എസ്. വിഴിഞ്ഞം സ്കൂളിലെ രാകേഷ് എസ്, ശരണ്യ ദാസ് എന്നിവർ രണ്ടാം സ്ഥാനവും, സെന്റ്. ജോസഫ്സ് എച്ച്.എസ്.എസ്. തിരുവനന്തപുരത്തുനിന്നും ധ്യാൻ ജോ ആന്റോ, ക്രിസ്റ്റിൻ ജോയേൽ ഷെറി എന്നിവ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. എച്ച്.എസ്.എസ്. വിഭാഗത്തിൽ Holy Angels C.B.S.E. വഞ്ചിയൂരിലെ കാൽവിനോ കാർനെറ്റ്, Anuprabhi എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**3. കിഡ്സ് ഡേ & ആക്ഷൻ സോങ് കോമ്പറ്റിഷൻ**

ചൈൽഡ് കമ്മീഷന്റെ നേതൃത്വത്തിൽ എൽ.പി. വിഭാഗം കുട്ടികൾക്കായി സംഘടിപ്പിച്ച കിഡ്സ് ഡേ, വെള്ളയമ്പലം അനിമേഷൻ സെന്ററിൽ വച്ച് നടന്നു. ആക്ഷൻ സോങ് മത്സരത്തിൽ വിവിധ ഇടവകകളിൽ നിന്നും 11 ടീമുകൾ പങ്കെടുത്തു. രണ്ടു ഘട്ടങ്ങളിലായിട്ടാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. ആക്ഷൻ സോങ് മത്സരത്തിൽ വി.അഗസ്റ്റിൻ ദേവാലയം മുരുക്കുംപുഴ ഒന്നാം സ്ഥാനവും, ഓൾ സെയിന്റ്സ് ദേവാലയം അരയതുരുത്തി രണ്ടാം സ്ഥാനവും, വേളാങ്കണ്ണി മാതാ ദേവാലയം നമ്പ്യാതി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ആക്ഷൻ സോങ് വിത്ത് ഓഡിയോ മത്സരത്തിൽ വി.അന്തോനീസ് ദേവാലയം വലിയതുറ ഒന്നാം സ്ഥാനവും, വി.ജെയിംസ് ദേവാലയം താഴമ്പള്ളി രണ്ടാം സ്ഥാനവും, ലൂർദ് മാതാ ദേവാലയം ലൂർദ്ധ്പുരം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**ഫാ. നിജു അജിത്ത്**
**എക്സിക്യൂട്ടീവ് സെക്രട്ടറി**

## മീഡിയ കമ്മീഷൻ

അതിരൂപതയിലെ പ്രധാന വാർത്തകൾ, തിരുനാളുകൾ, വിശേഷദിവസങ്ങൾ ഇവയൊക്കെയും സമയാനുസൃതം മാധ്യമ സംവിധാനങ്ങളിലൂടെ ജനങ്ങളിലേക്കെത്തിക്കാൻ മാധ്യമ കമ്മീഷൻ അക്ഷീണം പ്രയത്നിക്കുന്നു. ഇടവക തിരുനാളുകൾ, വിശേഷ

ദിവസങ്ങൾ, അതിരൂപത സ്ഥാപനങ്ങളിലെ പരിപാടികൾ എന്നിവ അതിരൂപത മാധ്യമ കമ്മീഷൻ യൂട്യൂബ് ചാനലിലൂടെ തൽസമയ സംപ്രേക്ഷണം ചെയ്തു വരുന്നു. ശുശ്രൂഷ സമിതി പരിപാടികളും ഷൂട്ട് ചെയ്ത് വാർത്താ വീഡിയോ തയ്യാറാക്കി ചാനലിൽ അപ്ലോഡ് ചെയ്തു. പ്രധാന വാർത്തകൾ ന്യൂസ് സ്റ്റോറി ആക്കിയും, തിരഞ്ഞെടുക്കപ്പെട്ട പ്രധാന വാർത്തകൾ ന്യൂസ് ബുള്ളറ്റിൻ ആക്കിയും പുറത്തിറക്കി. കൂടാതെ ചാനലിലൂടെ ദിവസേന സുവിശേഷ ഭാഗങ്ങൾ ഓഡിയോ വിഷ്വൽ രൂപത്തിലും, പ്രഭാത പ്രാർത്ഥന, വചനോദയം, പ്രതിവചന സങ്കീർത്തനം, പ്രാർത്ഥനാ പോസ്റ്ററുകൾ, ആഴ്ചയിലൊരിക്കൽ എൽറോയ് എന്നീ പരിപാടികൾ ചാനലിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്നു. അതിരൂപതയിലെ പ്രധാന വാർത്തകൾ, അറിയിപ്പുകൾ, പരിപാടികൾ, നിർദ്ദേശങ്ങൾ എന്നിവ വാർത്താ രൂപത്തിൽ ArchTVM ന്യൂസ് പോർട്ടലിലൂടെ പോസ്റ്റ് ചെയ്യുന്നു. നിരവധി വാർത്തകൾ കഴിഞ്ഞ മാസം ന്യൂസ് പോർട്ടലിലൂടെ പ്രസിദ്ധീകരിച്ചു. 2023 വർഷത്തെ ലോഗോസ് ക്വിസ് പഠന സഹായി മലയാളത്തിലും ഇംഗ്ലീഷിലുമായി പുറത്തിറക്കി. മാധ്യമ കമ്മീഷന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും മുന്നോട്ടുള്ള പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്താനുമുള്ള ബോർഡ് മീറ്റിംഗ് എല്ലാ മാസവും മൂന്നാമത്തെ ബുധനാഴ്ച നടത്തി വരുന്നു. മീറ്റിംഗിൽ നിലവിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഇനി മുന്നോട്ടുള്ള പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു.

അതിരൂപതയുടെ ഔദ്യോഗിക ജിഹ്വയായ ജീവനും വെളിച്ചവും മാസിക എല്ലാമാസവും ആദ്യ ആഴ്ചയിൽ തന്നെ പ്രസിദ്ധീകരിക്കുന്നു. ഓരോ മാസവും സാമൂഹ്യ പ്രാധാന്യമുള്ള വിഷയങ്ങളെ ആസ്പദമാക്കി വിവിധ ലേഖനങ്ങൾ, കവിത, വായന, വാർത്തകൾ, നീർച്ചാൽ, വചന ജ്വാല, നേർക്കാഴ്ച, വർത്തമാനം, സിനിമ അവലോകനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് മാസികയുടെ ജനസ്വീകാര്യത വർദ്ധിപ്പിച്ചു. ഡിസംബർ മാസം 20 ന് ക്രിസ്തുമസ്, പുതുവത്സര പ്രത്യേക പതിപ്പ് പ്രസിദ്ധീകരിച്ചു. എല്ലാ മാസവും ആദ്യവാരത്തിൽ തന്നെ വരും മാസത്തെ മാസികയെ സംബന്ധിച്ചുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിന് ജീവനും വെളിച്ചവും എഡിറ്റോറിയൽ മീറ്റിംഗ് കൂടുന്നു.

**ഫാ. ദീപക് ആന്റോ**
**എക്സിക്യൂട്ടീവ് സെക്രട്ടറി**

സമന്വയ

# I നീതി സമാധാനം വികസന കമ്മീഷൻ

## 1.1 കാര്യശേഷിവികസന വിഭാഗം

1) സാമൂഹ്യശുശ്രൂഷയുടെ ഇടവക തലയോഗങ്ങൾ 40 ഇടവകകളിൽ നടന്നു.

2) സാമൂഹ്യശുശ്രൂഷയുടെ ജനറൽബോഡി യോഗങ്ങൾ എല്ലാ ഇടവകകളിലും വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ നടക്കുകയും ശുശ്രൂഷകൺവീനറെ തിരഞ്ഞെടുക്കുകയും ചെയ്തു.

3) സാമൂഹ്യശുശ്രൂഷയുടെ പുതിയ എക്സിക്യൂട്ടീവ് സമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടന്നു. അഞ്ചുതെങ്ങ് 10, പുതുക്കുറിച്ചി 11, പേട്ട 9, പാളയം 19, വലിയതുറ 10, പുല്ലുവിള 15, കോവളം 12, തൂത്തൂർ 8 എന്നീ ക്രമത്തിൽ 94 ഇടവകകളിലാണ് ഇലക്ഷൻ നടന്നത്.

4) പുല്ലുവിള, വലിയതുറ, പുതുക്കുറിച്ചി, അഞ്ചുതെങ്ങ്, പാളയം ഫൊറോനകളിൽ ഫൊറോന വൈദിക കോർഡിനേറ്റർമാരായ ഫാ. ആന്റോ ജോറിസ്, ഫാ. സാബാസ് ഇഗ്നേഷ്യസ്, ഫാ. പോൾ ജി, ഫാ. ബീഡ് മനോജ്, ഫാ. ഗ്ലാഡിൻ അലക്സ് എന്നിവരുടെ അധ്യക്ഷതയിൽ ഫൊറോന ജനറൽ ബോഡി കൂടുകയും പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. കൂടാതെ സാമൂഹ്യശുശ്രൂഷയെക്കുറിച്ച് രാജമണി, ഷീജ ടി. കെ, ഫാ. ആഷ്ലിൻ ജോസ്, ലിജ സ്റ്റീഫൻ എന്നിവർ ക്ലാസ് നൽകി.

5) പ്രവർത്തകർക്കുള്ള ഹിന്ദി ഭാഷ പരിശീലനം നടന്നുവരുന്നു.

6) ഡിസംബർ 8 ജനുവരി 12 എന്നീ തീയതികളിൽ സ്റ്റഡി സെഷനുകൾ സംഘടിപ്പിച്ചു.

7) 'തീരവും ജീവിതവും' എന്ന പേരിൽ സംഘടിപ്പിച്ച കഥാരചന മത്സരത്തിൽ ശ്രീമതി സിന്ധു ഒന്നാം സമ്മാനവും സിസ്റ്റർ അഞ്ചു, ശ്രീമതി സൗമ്യ എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. 1000, 500/ എന്നീ ക്രമത്തിൽ സമ്മാനം നൽകി.

8) സ്റ്റാഫ് അംഗങ്ങൾക്കായുള്ള ത്രിദിന ശില്പശാല 19, 20, 21 തീയതികളിൽ മരിയറാണി സെന്ററിൽ വച്ച് ഫാ. ആഷ്ലിന്റെ അധ്യക്ഷതയിൽ സംഘടിപ്പിച്ചു. ലത്തീൻ അതിരൂപത ചാൻസലർ Msgr. സി. ജോസഫ് ഉദ്ഘാടനം ചെയ്തു.

10) സെക്ഷൻ തല റിവ്യൂ യോഗം ഡിസംബർ 27, 28, 29 തീയതികളിൽ നടന്നു.

11) സെക്ഷൻ തലവന്മാരുടെ 9 മാസ പ്രവർത്തന വിലയിരുത്തൽ യോഗം 4/1/ 2023 ൽ നടന്നു.

12) മേഖല ആനിമേറ്റർമാരുടെ അവതരണവും വിലയിരുത്തലും 22/12/22, 25/01/23 തീയതികളിൽ സംഘടിപ്പിച്ചു.
13) ഫെറോനതലത്തിൽ വർക്കിംഗ് കമ്മിറ്റികളുടെ യോഗം പുല്ലുവിള, അഞ്ചുതെങ്ങ്, പുതുക്കുറിച്ചി മേഖലകളിൽ നടത്തുകയും പദ്ധതികൾ ആസൂത്രണം നടത്തുകയും ചെയ്തു.
14) പി. എസ്. സി കോച്ചിങ്ങിന് ഉള്ള അപേക്ഷകൾ ക്ഷണിച്ചു കൊണ്ടുള്ള കത്ത് ഇടവകകൾക്ക് നൽകി.

## IBC Project

1) ഡിസംബർ മാസം ഐ. ജി. പി തുടങ്ങാൻ ചെക്ക് നൽകിയ ഗുണഭോക്താക്കൾക്ക് സംരംഭംനായി കൊണ്ടുപോകുന്നതിന്റെ ഭാഗ മായി ഒരു ദിവസത്തെ ഇ. ഡി. പി പരിശീലനം നൽകി.
2) പേട്ട, പാളയം, വലിയതുറ ഫെറോനയിലെ ഗുണഭോക്താക്ക ൾക്ക് വെള്ളയമ്പലം റ്റി.എസ്. എസ്. എസിൽ വച്ചു 16/12/2022 ന് ശ്രീമാൻ അശോകൻ, ഗിരീഷ് എന്നിവർ ക്ലാസ്സ് നയിച്ചു. സംരംഭം എന്തിന് എങ്ങനെ മെച്ചപ്പെടുത്താം, വിവിധ ബാങ്ക് സ്കീം, ലോൺ എന്നിവയും മനസ്സിലാക്കി. പരിശീലന പരിപാടിയിൽ 18 പേർ പങ്കെടുത്തു.
3) 17/12/2022 ന് വെട്ടുതുറയിൽ വച്ചു പുതുക്കുറിച്ചി, അഞ്ചുതെങ്ങ് ഫെറോനയിലെ ഗുണഭോക്താക്കൾക്ക് ശ്രീമാൻ ഗിരീഷ് ക്ലാസ്സ് എടുത്തു. 15 ഗുണഭോക്താക്കൾ പങ്കെടുത്തു.
4) 20/12/2022 ന് കോവളം ഫെറോനയിലെ ഗുണഭോക്താക്കൾക്ക് ആഴാകുളം, കുളത്തുപ്പുഴ വച്ചു ശ്രീമാൻ അജീഷ് സംരംഭകർക്കു വേണ്ട ഗുണങ്ങളെക്കുറിച്ച് ക്ലാസ്സ് നയിച്ചു. ക്ലാസ്സിൽ 25 പേർ പങ്കെ ടുത്തു.
5) 30/12/2022 ന് തൂത്തൂർ, പുല്ലുവിള ഫെറോനയിലെ ഗുണഭോക്താ ക്കൾക്ക് കൊച്ചുപള്ളിയിൽ ശ്രീമാൻ അജീഷ് സംരംഭകത്വത്തെ ക്കുറിച്ച് ക്ലാസ്സ് നൽകി. ക്ലാസ്സിൽ 10 പേർ പങ്കെടുത്തു.

**1.2 സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉമനവും**

1) കോവളം ഫൊറോനയിൽ കാരയ്ക്കമണ്ഡപം ഇടവകയിൽ വച്ച് നിത്യസഹായം എന്ന പേരിൽ 10 പേരെ ഉൾപ്പെടുത്തി എസ്. എച്ച്. ജി. രൂപീകരിച്ചു.
2) 07, 12 എന്നീ തീയതികളിൽ നീരോടി സെൻറ് കോളനിയിൽ കടൽപ്പൂക്കൾ എന്ന നാമത്തിൽ 15 പേരെ ഉൾപ്പെടുത്തി പുരുഷ എസ്. എച്ച്. ജി രൂപീകരിച്ചു.
3) 10.12.2022 ൽ ഏകദിന സെമിനാർ പാളയം ഫെറോനയിൽ പാളയം കാര്യാലയത്തിൽ വച്ച് അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപന

സമന്വയ

ദിനത്തെക്കുറിച്ചും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അവയർനസ് ക്ലാസ് കിലാ ഫൗണ്ടർ ശ്രീമതി സെലീന എസ്. എച്ച്. ജി. അംഗങ്ങൾക്ക് നൽകി 46 അംഗങ്ങൾ പങ്കെടുത്തു.

4) കോവളം ഫൊറോനയിൽ 07/12/2022 പുന്നമൂട് ഇടവകയിൽ ജനമൈത്രി പോലീസ് സ്റ്റേഷനിലെ ശ്രീ അതുല്യ എന്നിവർ എസ്. എച്ച്. ജി അംഗങ്ങൾക്ക് ക്ലാസ് നൽകി 28 പേർ പങ്കെടുത്തു.

5) വലിയതുറ ഫെറോന 16/12/2022 വെള്ളയമ്പലത്ത് വച്ച് നടന്ന ഇ.ഡി.പി ട്രെയിനിങ്ങിൽ ഐ. ജി. പി ഗുണഭോക്താക്കളായ ഏഴംഗങ്ങളെ പങ്കെടുപ്പിച്ചു. പുതുക്കുറിച്ചി ഫെറോനയിൽ 17/12/2022 റ്റി. എസ്. എസ്. ഓഫീസിൽ വച്ച് ഐ.ജി.പി ഗുണഭോക്താക്കൾക്ക് ശ്രീ. ഗിരീഷ് ട്രെയിനിങ്ങ് നടത്തി. 15 അംഗങ്ങൾ പങ്കെടുത്തു. കോവളം 13/12/2022 ആഴാകുളം സെന്ററിൽ വച്ച് ഐ.ജി.പി ഗുണഭോക്താക്കൾക്ക് ശ്രീ. അജീഷ് ട്രെയിനിങ് നൽകി. 31 പേർ പങ്കെടുത്തു.

6) ഐ.ബി.സി പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച മരിയനാടിലെ കൃപ ടെക്സ്റ്റൈൽസ് എന്ന പേരിൽ 12. 12.2022 മര്യനാട് ഇടവകയിൽ ആരംഭിച്ച ടെക്സ്റ്റൈൽ ഷോപ്പ് എസ്. എച്ച്. ജി ആനിമേറ്റർ ശ്രീമതി റോഷൻ ഉദ്ഘാടനം നിർവഹിച്ചു.

7) പുല്ലുവിള ഫൊറോനയിൽ 4, 10 എന്നീ തീയതികളിൽ കൊച്ചുപള്ളി ഓഫീസിൽ വച്ച് ആനിമേറ്ററുടെ സാന്നിധ്യത്തിൽ ഫെറോന യോഗം നടന്നു. 14, 13 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

8) പുല്ലുവിള ഫെറോനയിൽ 27, 28, 29 തീയതികളിലായി കരിങ്കുളം ഇടവകയിലെ ഒരു എസ്. എച്ച്. ജിക്ക് 10 ലക്ഷം രൂപ ക്രമത്തിൽ 25 എസ്. എച്ച്. ജി കൾക്കായി രണ്ടുകോടി 50 ലക്ഷം രൂപ ഫെഡറൽ ബാങ്ക് കാഞ്ഞിരംകുളം ബ്രാഞ്ചിൽ നിന്നും വിതരണം ചെയ്തു.

9) വലിയതുറ ഫൊറോനയിൽ 10 എസ്. എച്ച്. ജി അംഗങ്ങൾ ടൂവീലർ പരിശീലനം ആരംഭിച്ചതായി വ്യക്തത വരുത്തുകയും ആദ്യ ഗഡുവായ 3000 രൂപ വിതരണവും നടത്തി.

10) വലിയതുറ ഫെറോനയിൽ 7/12/2022 വലിയതുറ ഐ. ടി. ഐ യിൽ വച്ച് 13 അംഗങ്ങൾക്കായി കമ്പ്യൂട്ടർ പരിശീലനം നടത്തി. വലിയതുറ ഫെറോനയിൽ 14/12/2022 തോപ്പ് ഫെറോന സെൻററിൽ വച്ച് എസ്. എച്ച്. ജി അംഗങ്ങളുടെ നേതൃത്വത്തിൽ കലാസന്ധ്യ നടന്നു. 35 അംഗങ്ങൾ പങ്കെടുത്തു.

11) വലിയതുറ ഫൊറോനയിൽ സെൻറ് സേവിയേഴ്സ് പുല്ലുവിള ഫെറോനയിൽ കരിങ്കുളം പരുത്തിയൂർ പാളയം ഫെറോനയിൽ കുടപ്പനക്കുന്ന് എന്നീ ഇടവകകളിൽ എസ്. എച്ച്. ജി കളുടെ നേതൃത്വത്തിൽ ക്രിസ്മസ് ഫെയർ നടത്തി.



**1.3 കുടുംബോദ്ധാരണ പദ്ധതി (സേവ് എ ഫാമിലി )**

1) പാളയം, പേട്ട ഫെറോനകളിലെ 7 കുടുംബങ്ങളെ സന്ദർശിച്ചു **SAFP** മാനദണ്ഡങ്ങൾ വിലയിരുത്തുകയും പദ്ധതിയിൽ അംഗത്വം നൽകുകയും ചെയ്തു.

2) ഈ വർഷത്തെ തുക വിനിയോഗത്തെക്കുറിച്ചും മെളു പദ്ധതി യുടെ ലക്ഷ്യങ്ങളേകുറിച്ചും TSSS പ്രവർത്തനങ്ങളിൽ ഉണ്ടാകേണ്ട പങ്കാളിത്തത്തെകുറിച്ച് ബോധവത്കരണം നല്കികൊണ്ട് 16/12/2022 അഞ്ചുതെങ്ങ് ക്ലസ്റ്റർ മീറ്റിങ്ങ് സംഘടിപ്പിച്ചു.

3) 2022-2023 തുക പദ്ധതിയുടെ ലക്ഷ്യത്തെ സഫലീകരിക്കുന്ന രീതിയിൽ ഉപയോഗിക്കുന്നതിനായി അഞ്ചുതെങ്ങ് ഫൊറോന യിലെ 21 ഭവനങ്ങൾ സന്ദർശിച്ചു ആക്ടിവിറ്റി പ്ലാൻ തയാറാക്കി സബ്മിറ്റ് ചെയ്തു.

4) 2022-2023 ക്രിസ്തുമസ് ആഘോഷവും ഫണ്ട് ആപ്ലിക്കേഷനിൽ ഒപ്പു ശേഖരിക്കുതിന്റെ ഭാഗമായി 9/12/2022 പുല്ലുവിള, 9/01/2023 തൂത്തൂർ, 13/01/2023 വിഴിഞ്ഞം, 24/01/2023, വലിയതുറ, അഞ്ചുതെങ്ങ്, പുതുകുറിച്ചി ഫൊറോനകളിലെ ഗുണഭോക്താക്ക ളുടെ കൂടിവരവ് വെള്ളയമ്പലത്തുവെച്ചും അങ്ങനെ 4 ക്ലസ്റ്റർ മീറ്റിങ്ങ് സംഘടി പ്പിച്ചു.

5) SAFP പദ്ധതിയിൽ 6 വർഷം പൂർത്തിയാക്കിയ 5 കുടുംബങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ടും 9 കുടുംബങ്ങളുടെ നീക്കിയിരിപ്പുതുകയുടെ വിനിയോഗത്തിനായുള്ള fund withdrawal activity planning നടത്തി സബ്മിറ്റ് ചെയ്തു.

**1.5 കാരുണ്യപൂർവം**

1) പേട്ട 19, പാളയം 221 കഴക്കൂട്ടം 15, തൂത്തൂർ 9, പുതുക്കുറിച്ചി 11, വലിയതുറ 9, കോവളം 8, പുല്ലുവിള 37, അഞ്ചുതെങ്ങ് 25 എന്നീ ക്രമത്തിൽ 155 കുടുംബങ്ങൾ നിലവിലുണ്ട്.

2) 112 കുടുംബങ്ങൾക്ക് ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ തുകയായ 2,00,700 രൂപ വീതം 302400 രൂപ ബാങ്കിൽ നിക്ഷേപിച്ചു.

3) പുല്ലുവിള പുതുക്കുറച്ചി അഞ്ചുതെങ്ങ് കഴക്കൂട്ടം ഫെറോനകളിലെ 7 കുടുംബങ്ങൾക്ക് 200700 രൂപ എന്നീ ക്രമത്തിൽ 19200 രൂപ സഹായം തുകയായി നൽകി.

4) 15 ബെനഫക്ടർമാരിൽ നിന്നും 1,48,000 രൂപ സംഭാവനയായി ലഭിച്ചു.

5) പേട്ട 2, പാളയം 3, കഴക്കൂട്ടം, 2 തൂത്തൂർ 3, വലിയതുറ 2, കോവളം 5, അഞ്ചുതെങ്ങ് 2 ഫെറോനകളിൽ നിന്നും ആകെ 19 കുടുംബങ്ങളെ പുതുതായി തിരഞ്ഞെടുക്കുകയും ഇതിന്റെ വിവരങ്ങൾ അറിയിച്ചുകൊണ്ടുള്ള കത്ത് ഇടവക വികാരി, ഫൊറോന വികാരി, കോഡിനേറ്റർ എന്നിവർക്ക് നൽകി.

**1.6 അടിസ്ഥാന സൗകര്യ വികസനം**

1) ഭവനം ഒരു സമ്മാനം 5-ാം ഘട്ടം ഭവന നിർമ്മാണത്തിന്റെ ഭാഗമായി അടിമലത്തുറ, പുല്ലുവിള വിഴിഞ്ഞം പെരിങ്ങമല, പൂന്തുറ, കാക്കാമൂല, ഇടവകകളിലെ 5 ഗുണഭോക്താക്കൾക്ക് 4,05,000/- രൂപ നനസഹായം നൽകി.

2) ഐ.ബി.സി പ്രോജക്ടിന്റെ ഭാഗമായി കോവളം ഫെറോനയിൽ 12 ഗുണഭോക്താക്കൾക്ക് ശൗചാലയം പുതുതായി നിർമ്മിക്കുന്നതിനും 165000 രൂപയും 5 ഗുണഭോക്താക്കൾക്ക് ശൗചാലയം അറ്റകുറ്റപണി ചെയ്യുന്നതിനുമായി 50000/- രൂരയും ചേർത്ത് 2,15,000/- ധനസഹായം നൽകി.

3) ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി 3/10/ 2022 പാളയം, പേട്ട, വലിയതുറ ഫെറോനകൾക്കും 14/10/2022 അഞ്ചുതെങ്ങ് ഫെറോനകൾക്കും 3/11/2022 പുതുക്കുറിച്ചി, കഴക്കൂട്ടം ഫെറോനകൾക്കും രൂപതയിൽ നിന്നും സർക്കുലർ ഫെറോന കോഡിനേറ്റർ, ഫെറോന വികാരി എിവർക്ക് നൽകുകയും രൂപതയിൽ ഫെറോനകളിൽ നിന്നും വന്നിട്ടുള്ള അപേക്ഷകൾ സെലക്ഷനുവേണ്ടി തിരികെ ഫെറോനക്ക് നൽകുകയും ചെയ്തു. ഇതിൽ നിന്നും വലിയതുറ, പുതുക്കുറിച്ചി, അഞ്ചുതെങ്ങ് ഫറോനകൾക്ക് 5 ഭവനങ്ങൾ വീതവും പാളയം, പേട്ട, കഴക്കൂട്ടം മൂന്നു വീതം ഭവനങ്ങളും ആണ് അനുവദിച്ചിട്ടുള്ളത്.

2)അഞ്ചുതെങ്ങ് ഒഴികെ മറ്റെല്ലാ ഫൊറോനകളും ഗുണഭോക്തകളെ സെലക്ട് ചെയ്തു അയക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 12/12/ 2022 ന് പാളയം, 2/19/2022, പേട്ട 30/12/2022 കഴക്കൂട്ടം 2, 01/01/2023 വലിയതുറ 4, പുതുക്കുറിച്ചി 5 എന്നീ ഫെറോനകളിലെ ഭവനങ്ങൾ കോഡിനേറ്റർ സന്ദർശിക്കുകയും വെരിഫിക്കേഷൻ നടത്തുകയും ചെയ്തു. തുടർനടപടികൾ നടത്തിവരുന്നു.

**1.7 സാമൂഹ്യസുരക്ഷ പദ്ധതി (ലോക് മഞ്ച്)**

1) 16/1/ 2023 കൊച്ചുപള്ളി ഓഫീസിൽ വച്ച് 60 സി. എൽ. എസ്

ഹെൽത്ത് സ്കീമിനെ പറ്റിയുള്ള ക്ലാസുകൾ നൽകി 36 പേർ പങ്കെടുത്തു.

സമന്വയ

2) 18 റേഷൻ കടകൾ സന്ദർശിച്ച് ഭക്ഷ്യഭദ്രത വിലയിരുത്തി.
3) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ 86 പേരെ അംഗത്വം എടുപ്പിച്ചു.
4) ഇഷ്റാം പദ്ധതിയിൽ 108 പേരെ അംഗത്വം എടുപ്പിച്ചു.
5) ആറുപേർക്ക് വിധവ പെൻഷൻ ഉറപ്പുവരുത്തി ലൈഫ് മിഷൻ ഭവന പദ്ധതിയിൽ പെന്റിങ്ങിൽ വച്ചിരുന്ന ഒരംഗത്തിന് 1,50,000 രൂപ നേടിക്കൊടുത്തു.
6) 20 അംഗൻവാടികൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.
7) 32 കൗമാരപ്രായക്കാരായ കുട്ടികൾക്ക് വിവിധ വിഷയങ്ങളെ ക്കുറിച്ച് ക്ലാസുകൾ നൽകി. 20 പോക്കറ്റുകളിലെ 2,01,400 ഭവനങ്ങൾ സ്റ്റാഫ് അംഗങ്ങൾ സന്ദർശിച്ചു. സർക്കാർ ആനുകൂല്യങ്ങളെയും പദ്ധതികളെയും കുറിച്ച് അറിയിപ്പ് നൽകി.
8) കൃഷിഭവൻ വഴി 200 പേർക്ക് വിത്തും വളവും ലഭിച്ചു. 100 പേർക്ക് ഫലവൃക്ഷത്തെയും 700 പേർക്ക് പച്ചക്കറിതൈയും 78 പേർ പൊതുസ്ഥലം, മേട, തീരപ്രദേശം എന്നിവിടങ്ങളിൽ തണൽ മരവും നട്ടു.
9) പദ്ധതി ഏരിയയിലെ 3 കുടുംബങ്ങളിലെ പ്രശ്നങ്ങളിൽ സ്റ്റാഫ് അംഗങ്ങൾ ഇടപെട്ട് പ്രശ്നം ഒത്തുതീർപ്പാക്കി
10) 5 വയോധികർക്ക് ട്രീറ്റ്മെൻറ് ആർ.സി.സിയിൽ ലഭ്യമാക്കി ഇവരുടെ മക്കളെ കണ്ടെത്തി ഏൽപ്പിച്ചു
11) 6 മാസമായി മുടങ്ങിക്കിടന്ന പെൻഷൻ എട്ട് പേർക്ക് ലഭ്യമാക്കി
12)11/1/2023 ൽ കഠിനംകുളം പഞ്ചായത്തിലെ കമ്മ്യൂണിറ്റി ലീഡേഴ്സിന് ESP പ്രോജക്റ്റിന്റെ പ്രവർത്തനരീതിയെക്കുറിച്ച് ക്ലാസ് നൽകി.
13) കഠിനംകുളം പഞ്ചായത്ത് ഏരിയയിലെ 150 കുട്ടികൾക്ക് ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെ കുറിച്ച് അവബോധം നൽകി

## II. തൊഴിൽ കാര്യ കമ്മീഷൻ

1) പുല്ലുവിള (18/12/2022), കോവളം (11/12/2022), അഞ്ചുതെങ്ങ് (11/12/2022), പുതുക്കുറിച്ചി (20/12/2022), പേട്ട‘ (17/12/2022) എന്നീ ഫെറോനകളിൽ തൊഴിൽക്കാര്യ കമ്മീഷൻ ഫെറോന എക്സിക്യൂട്ടീവ് യോഗങ്ങൾ നടന്നു.
2) 47 ഇടവകകളിൽ KLM ഇടവകതല എക്സിക്യൂട്ടീവ് യോഗങ്ങൾ

സമന്വയ

നടന്നു.
3) പരുത്തിയൂർ, കൊല്ലംകോട്, പൂവാർ, പുതിയതുറ, പള്ളം, മര്യനാട്, അഞ്ചുതെങ്ങ്, വെണ്ണിക്കോട്, വിഴിഞ്ഞം ഇടവകകളിൽ തയ്യൽ തൊഴിലാളി ഫോറം യോഗങ്ങൾ നടന്നു.
4) പരിത്തിയൂർ ഇടവകയിൽ മോട്ടോർ വാഹന തൊഴിലാളി ഫോറം യോഗം നടന്നു.
5) വെണ്ണിക്കോട്, കാക്കമൂല, പുത്തൻതോപ്പ്, മര്യനാട് ഇടവകകളിൽ കർഷക ഫോറം യോഗം നടന്നു.
6) കാരക്കാമണ്ഡപം ഇടവകയിൽ കെട്ടിട നിർമാണ തൊഴിലാളി ഫോറം യോഗം നടന്നു.
7) 2/12/2022 ൽ പേട്ട' ഫെറോന കർഷക ഗ്രൂപ്പുകൾക്ക് ജൈവകൃഷി & കീടനാശിനി പരിശീലനം നൽകി.
8) 5/12/2022 ൽ താഴമ്പള്ളി, അരയത്തുരുത്തി ഇടവകകളിൽ മാതൃക കൃഷിത്തോട്ടം രൂപത & ഫെറോന ടീം സന്ദർശിക്കുകയും പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ടെന്നും വിലയിരുത്തി.
9) 20/12/2022 ൽ ചെറിയുന്നൂർ കൃഷി ഭവനിൽ 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി വെണ്ണിക്കോട്, മൂങ്ങോട് ഇടവകയിലെ കർഷകർക്ക് ജൈവ കൃഷി പരിശീലനംവും പച്ചക്കറി തൈ & വളവും നൽകി.
10) മൂങ്ങോട് ഇടവകയിൽ 2 അംഗങ്ങൾക്ക് ഗ്രാമസഭയിൽ അപേക്ഷ വച്ചതനുസരിച്ചു ഒരു ആട്ടിൻകുട്ടി വീതം ലഭിച്ചു.
11) 10/12/2022 ൽ പെരിങ്ങമല ഇടവകയിൽ യൂണിറ്റ് അംഗങ്ങൾക്ക് LED പരിശീലനം നൽകി.
12) 2/12/2022 ൽ മര്യനാട് ഇടവകയിൽ 3 അംഗങ്ങൾക്ക് സ്വയം തൊഴിലിനായി 25,000/ രൂപ ലോൺ നൽകി.
13) പുല്ലുവിള ഫെറോന അംഗങ്ങളിൽ നിന്നും ശേഖരിച്ച 40,000/ രൂപ ലൂർദുപുരം ഇടവകയിലെ ഒരു കിടപ്പ് രോഗിക്ക് നൽകി.

## III ആരോഗ്യ കാര്യ കമ്മീഷൻ

1) ജനങ്ങളിൽ രോഗം നിർണയത്തിനും ആരോഗ്യപരിപാലനത്തിനുള്ള അവസരം സൃഷ്ടിക്കുന്നതിന് വേണ്ടി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.
- 3/12/2022 പുതുക്കുറിച്ചി ഫെറോനയിൽ ജനറൽ /നേത്ര/ ആയുർവേദ മെഡിക്കൽക്യാമ്പ് നടത്തി 100 പേർ പങ്കെടുത്തു. പോഷകാഹാരത്തെക്കുറിച്ചും ക്ലാസ് നൽകി
- 8/12/2022 ൽ കുന്നുകുഴിയിൽ മന്ത് രോഗനിർമാർജന ക്യാമ്പ് നടത്തി 48 പേർ പങ്കെടുത്തു

- 10/12/2022 ൽ കാരയ്ക്കമണ്ഡപത്തിൽ നേത്രരോഗ ക്യാമ്പ് നടത്തി 70 പേർ പങ്കെടുത്തു. എട്ടുപേർക്ക് തിമിരം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർച്ച നൽകിവരുന്നു

2) അഞ്ചുതെങ്ങ് സെന്റ് ജോസഫ് സ്കൂളിൽ വച്ച് റ്റി.എസ്.എസ്.എസ് ഫാമിലി പ്ലാനിങ് അസോസിയേഷനും സി. എച്ച്. സി. യും സംയുക്തമായി അനീമിയ ക്യാമ്പ് നടത്തി 90 കുട്ടികൾ പങ്കെടുത്തു

3) 19/12/2022 പുല്ലുവിള റ്റി.എസ്.എസ്.എസ് ഓഫീസിലും 12/12/2022 കോവളം ഫൊറോനയിലെ പൂന്തുറ ഇടവകയിലും 12/12/2022 തൂത്തൂർ ഫൊറോനയിലെ പൂത്തുറ ഇടവകയിലും ഹെൽത്ത് ക്ലബ് മീറ്റിംഗ് നടന്നു. ഫസ്റ്റ് എയ്ഡ്, മാനസികാരോഗ്യം, കാൻസർ പെൻഷൻ സ്കീം എന്നീ വിഷയങ്ങളിൽ ക്ലാസ് നൽകി

4) പുല്ലുവിള, അഞ്ചുതെങ്ങ്, കോവളം, വലിയതുറ, പാളയം, പുതുക്കുറിച്ചി, പേട്ട ,ഫൊറോനകളിൽ ഭിന്നശേഷി ദിനാചരണം നടത്തി. ഭിന്നശേഷിക്കാരായ കുട്ടികളെ അമ്മമാരെ ആദരിക്കുകയും കുട്ടികൾക്ക് കേക്കും സമ്മാനങ്ങളും നൽകുകയും ചെയ്തു.

5) എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി കരിങ്കുളം ഫാത്തിമ മാതാ കമ്മ്യൂണിറ്റി കോളേജ് അഞ്ചുതെങ്ങ് സെൻറ് ജോസഫ് സ്കൂളിലും, സെന്റ് നിക്കോളാസ് സ്കൂൾ തൂത്തൂർ എന്നിവിടങ്ങളിൽ എയ്ഡ്സിന്റെ കാരണങ്ങളെയും പ്രതിരോധ മാർഗങ്ങളെയും കുറിച്ച് ക്ലാസ് നൽകി 123, 80 ,97 എന്നീ ക്രമത്തിൽ കുട്ടികൾ പങ്കെടുത്തു.

6) 13/12/2022 പുതുക്കുറിച്ചി ഫൊറോനയിലെ ഫാത്തിമപുരം സെൻറ് മാർത്താ സ്കൂളിൽ വച്ച് റോട്ടറി ക്ലബ്ബിന്റെ സഹായത്തോടെ ഭിന്നശേഷി ദിനാചരണം നടത്തി സ്കൂളിലെ 160 കുട്ടികൾക്ക് സമ്മാനങ്ങളും മധുര പലഹാരങ്ങളും നൽകി തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ സംഘടിപ്പിച്ചു

7) ക്യാൻസർ രോഗത്താലും മറ്റു രോഗങ്ങളാലും കിടപ്പിലായ 320 രോഗികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു

8) അതിരൂപതയിലെ പോഷകാഹാര കുറവുള്ള 200 കുട്ടികൾക്ക് പോഷകാഹാരം കിറ്റ് വിതരണം ചെയ്തു

9) പുതുക്കുറിച്ചി, പാളയം, അഞ്ചുതെങ്ങ് ഫൊറോനകളിലെ അംഗൻവാടികൾ സന്ദർശിക്കുകയും പഠനനിലവാരത്തെക്കുറിച്ചും പോഷക ആഹാര വിതരണത്തെകുറിച്ചും വിലയിരുത്തി.

10) അതിരൂപതയിലെ 64 ഭിന്നശേഷി കുട്ടികൾക്ക് പഠനത്തിനുള്ള ധനസഹായമായി 2,82,655 രൂപ നൽകി

11) 26/11/2022 വലിയതുറ ഫൊറോനയിലെ ചെറുവെട്ടുകാട്

ഇടവകയിൽ വച്ച് ഭിന്നശേഷി കുട്ടികളുടെ മാതാപിതാക്കളുടെ എസ്. എച്ച്. ജി. മീറ്റിംഗ് സംഘടിപ്പിച്ചു. പ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്തൽ നടത്തി 7 പേർ പങ്കെടുത്തു.

## IV. സ്ത്രീകളും കുട്ടികളും

### 4.1 (മ,യ) ചൈൽഡ് പാർലമെന്റ്

1) ചൈൽഡ് പാർലമെൻറ് വോളണ്ടിയേഴ്സിന്റെ പ്രവർത്തന വിലയിരുത്തൽ യോഗവും ക്രിസ്മസ് ആഘോഷവും നടത്തി

2) 17/12/2022 ന് പുല്ലുവിള സാമൂഹ്യശുശ്രൂഷ ഓഫീസിൽ വച്ച് പുല്ലുവിള, തൂത്തൂർ, കോവളം, ഫൊറോന വോളണ്ടിയേഴ്സ് ഒന്നിച്ചുകൂടി സാമൂഹ്യശുശ്രൂഷ ഡയറക്ടർ ഫാ. ആഷ്ലിൻ ജോസ് നിർദ്ദേശങ്ങൾ നൽകി.

3) അഞ്ചുതെങ്ങ് ഫെറോന വോളണ്ടിയേഴ്സ് യോഗം 18/12/2022 ൽ നടന്നു. ഫാ. ബീഡ് മനോജ് നിർദ്ദേശങ്ങൾ നൽകി. ക്രിസ്മസ് ആഘോഷിച്ചു.

4) പാളയം, പേട്ട, വലിയതുറ, പുതുക്കുറിച്ചി, ഫെറോനാ വോളണ്ടിയേഴ്സ് യോഗം 14/01/2023 ന് വെള്ളയമ്പലം സാമൂഹ്യ ശുശ്രൂഷ ഓഫീസിൽ വച്ച് നടത്തി. ചൈൽഡ് പാർലമെൻറ് വോളണ്ടിയേഴ്സിന് ക്രിസ്മസ് അലവൻസ് നൽകി

5) ചൈൽഡ് പാർലമെന്റ് മന്ത്രിമാർ ഇടവക തലത്തിൽ ക്രിസ്മസ് ആഘോഷിച്ചു.

6) ജനുവരി 22ന് പുല്ലുവിള ഫെറോനയിൽ കരിച്ചൽ ഇടവകയിൽ പുതുതായി ചൈൽഡ് പാർലമെൻറ് രൂപീകരിച്ചു

7) കേരള ഭൂമിശാസ്ത്രം, കേരള ചരിത്രം, ആനുകാലിക വാർത്തകൾ, അടിസ്ഥാന ഗണിതം എന്നീ വിഷയങ്ങളിൽ ഇടവക തലത്തിൽ ചൈൽഡ് പാർലമെൻറ് കുട്ടികൾക്ക് ക്വിസ് മത്സരങ്ങൾ നടത്തി വരുന്നു.

8) ഫെറോനാതലമത്സരം ഫെബ്രുവരി മാസത്തിൽ നടത്തും. നഴ്സറി, സപ്ലിമെൻററി വിദ്യാർത്ഥികൾ അതാത് സെൻററിൽ ക്രിസ്മസ് സെലിബ്രേഷൻ നടത്തി.

9) നഴ്സറി / സപ്ലിമെൻററി അധ്യാപകരുടെ വിലയിരുത്തൽ യോഗവും ക്രിസ്മസ് ആഘോഷവും നടത്തി 10) 17/12/2022 ന് പുല്ലുവിള ഫെറോന സെൻട്രൽ വച്ച് പുല്ലുവിള, കോവളം, തൂത്തൂർ ഫൊറോനകൾ ഒന്ന് ചേർന്നു

11) 08/01/2022 അഞ്ചുതെങ്ങ് ഫെറോനയിൽ വിലയിരുത്തൽ നടത്തി

12) 14/1/2023 ന് പുതുക്കുറിച്ചി ഫെറോനയുടെ വിലയിരുത്തൽ

നടത്തി എല്ലാ ഫെറോനങ്ങളിലും ക്രിസ്മസ് ആഘോഷവും അലവൻസും നൽകി



**4.3 സ്ത്രീശാക്തീകരണ പ്രോജക്ട് പ്രവർത്തനങ്ങൾ**

സ്ത്രീശാക്തീകരണം അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, പുല്ലുവിള)

1)16 ദിന ക്യാമ്പയിന്റെ ഭാഗമായി അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, പുല്ലുവിള എന്നിവിടങ്ങളിൽ ബ്ലോക്ക് റിബൺ ഡേ ആചരണം, വൈറ്റ് റിബൺ ഡേ ആചരണം, പന്തം കൊളുത്തി പ്രകടനം, ജയ ജയ ജയ ജയഹേ മൂവിപ്രദർശനം, ക്വിസ് മത്സരം, ഉപന്യാസരചന മത്സരം, ലീഫ്ലെറ്റ് വിതരണം, പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ ക്ലാസുകൾ, പ്ലക്കാർഡ് പ്രദർശനം, ഭിന്നശേഷി ദിനചാരണം, പരിസര ശുചീകരണവും വൃക്ഷത്തൈ നടീലും, സ്ത്രീകളുടെയും കുട്ടികളുടെയും തെരുവുനാടകാവതരണം, അതിജീവതയുമായുള്ള അനുഭവം പങ്കുവയ്ക്കൽ  എന്നിവ നടത്തപ്പെട്ടു.

2)16 ദിന ക്യാമ്പയിന്റെ സമാപന സമ്മേളനം ഡിസംബർ 10 ശനിയാഴ്ച വൈകുംന്നേരം വെട്ടുകാട് പള്ളി ഗ്രൗണ്ടിൽ വച്ചു നടത്തപ്പെട്ടു. ഏകദേശം മുന്നോറോളം പേർ ഈ പരിപാടിയിൽ പങ്കെടുത്തു.

3) ദുരന്ത നിവാരണം എന്ന വിഷയത്തിലുള്ള പരിശീലകർക്കുള്ള പരിശീലനം 16/12/2022 തിയതിയിൽ TSSS ൽ വെച്ച് നടത്തി.

4)പദ്ധതി പ്രദേശമായ പുല്ലുവിള, പുതുക്കുറിച്ചി, അഞ്ചുതെങ്ങ് എിവിടങ്ങളിലെ SHG ഫെഡറേഷനുകളിൽ പരിപാടികൾ നടത്തപ്പെട്ടു.

5) മത്സ്യക്കച്ചവട സ്ത്രീഫോറങ്ങളുടെ മാസയോഗങ്ങൾ പദ്ധതി പ്രദേശമായ പുല്ലുവിള, പുതുക്കുറിച്ചി, അഞ്ചുതെങ്ങ് എിവിടങ്ങളിൽ നടന്നു.

6) ഡോർ ടു ഡോർ ക്യാമ്പയിനിങ്ങിന്റെ ഭാഗമായി അഞ്ചുതെങ്ങ്, പുതുക്കുറിച്ചി എന്നിവിടങ്ങളിൽ 249 വീടുകൾ സന്ദർശിക്കുകയും പരിസ്ഥിതി സന്ദേശം എത്തിക്കുകയും ചെയ്തു.

7) പദ്ധതി പ്രദേശമായ പുതുക്കുറിച്ചി, അഞ്ചുതെങ്ങ്  എിവിടങ്ങളിൽ 28, 27 എന്നീ ക്രമത്തിൽ ബയോഗ്യാസ് പ്ലന്റുകൾ സ്ഥാപിച്ചു.

8)പദ്ധതി പ്രദേശങ്ങളിൽ ജാഗ്രത സമിതി യോഗം നടത്തപ്പെട്ടു.

9) പ്രോജക്ടിലെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള അവബോധക്ലാസ്സ് ജനുവരിയിൽ TSSS ൽ വച്ചു 17/01/2023 നു നടന്നു.

10) പദ്ധതി പ്രദേശങ്ങളായ പുല്ലുവിള, അഞ്ചുതെങ്ങ്, പുതുക്കുറിച്ചി എന്നിവിടങ്ങളിൽ കൗമാരപ്രായക്കാരായ കുട്ടികളുടെ മാസയോഗങ്ങൾ എന്നിവ നടന്നു.

11) പദ്ധതി പ്രദേശങ്ങളിലെ ചന്തകൾ സന്ദർശിച്ച് ആവശ്യമായ നടപടികൾ, പരാതിപരിഹാര സേവനങ്ങൾ, മെമ്മോറാണ്ടം സമർപ്പിച്ചതിന്റെ ഫോളോ അപ്പ് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി സന്ദർശനം എന്നിവ നടത്തപ്പെട്ടു.
12) പദ്ധതി പ്രദേശങ്ങളിൽ ഇടവകതലത്തിലും ഫൊറോനാതല ത്തിലും സ്ത്രീകൂട്ടായ്മകൾ നടന്നു.
13) മത്സ്യസംസ്കരണ യൂണിറ്റിന്റെ രൂപീകരണവും ശക്തിപ്പെടു ത്തലും അനുബന്ധിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി ആൻഡ് ട്രെയിനിംഗ് സെന്ററിന്റെ ഭാഗമായി നടത്തിയ ട്രെയിനിങ് പ്രോഗ്രാമിന്റെ സർട്ടിഫിക്കറ്റ് വിതരണം പുല്ലുവിള ഫെറോനകളിൽ നടന്നു.
14) ക്രൈം മാപ്പിങ്ങിലുള്ള പരിശീലനം പദ്ധതി പ്രദേശങ്ങളിലെ തെരെഞ്ഞെടുക്കപ്പെട്ട വാർഡുകളിൽ നടത്തപ്പെടും.
15) പദ്ധതി പ്രദേശങ്ങളിൽ പ്രാദേശിക അവലോകനയോഗം നടന്നു.
16) മാസ ആസൂത്രണ അവലോകന യോഗം 14/12/2022, 09/01/2023 എന്നീ ദിവസങ്ങളിൽ TSSS ൽ വച്ചു നടന്നു.
17) എസ്.എച്ച്.ജി ഫെഡറേഷന്റെ വനിതാ നേതാക്കൾ അവരുടെ പഞ്ചായത്തിന്റെ വിവിധ പരിപാടികളിൽ ലിംഗപരമായ കാഴ്ച പ്പാടുകൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുതിനുമുള്ള പരിശീലനം നടത്തിവരുന്നു.

**V പ്രവാസി കമ്മീഷൻ**

1) കാക്കാമൂല, പൂവാർ പുതിയതുറ, ഫാത്തിമാപുരം, വലിയതുറ, കൊച്ചുവേളി എന്നീ ഇടവകകളിൽ പ്രവാസി ഫോറം യോഗം കൂടി.
2) കാരയ്ക്കാമണ്ഡപം, പാലപ്പൂർ, പൂങ്കുളം, കാക്കാമൂല, പൂവാർ, പുതിയതുറ ഇടവകകളിൽ ദിവ്യബലിക്ക് നേതൃത്വം നൽകിക്കൊണ്ട് പ്രവാസി ദിനാചരണം നടത്തി.
3)പ്രവാസികളായ 13 രോഗികൾക്ക് ഫുഡ് കിറ്റ് നൽകി.
4)കോവളം ഫൊറോനയിൽ 7 പ്ലസ് ടു വിദ്യാർത്ഥികൾക്ക് 3000 രൂപ വീതം 21,000 രൂപ വിദ്യാഭ്യാസ ധനസഹായം നൽകി .
5)കോവളം ഫൊറോനയിൽ ശ്രീ അരുൺ പ്രവാസി ക്ഷേമ പ്രവർ ത്തനങ്ങളെക്കുറിച്ചും നോർക്ക സേവനങ്ങളെക്കുറിച്ചും അവബോധ ക്ലാസ് നൽകി.
6)പൂവാർ ഇടവകയിൽ പ്രവാസികളുടെ ലിസ്റ്റ് കളക്ട് ചെയ്തു.
7)വെണ്ണിയോട് ഇടവകയിൽ പ്രവാസി ക്ഷേമ പ്രവർത്തനങ്ങളെ

ക്കുറിച്ച് സിസ്റ്റർ സുജ ക്ലാസ് നൽകി.
8) തൃക്കണ്ണാപുരം, വട്ടിയൂർക്കാവ്, പാളയം ഇടവകകളിലെ അഞ്ച് പ്രവാസികൾക്ക് ഭക്ഷ്യ കിറ്റ് നൽകി.
9)തൈക്കാട് ഇടവക അംഗത്തിന് കുടുംബശുശ്രൂഷ വഴി സിസ്റ്റർ തങ്കമ്മ മൂന്നാംഘട്ട കൗസിലിംഗ് നടത്തി.
10)അട്ടകുളങ്ങര, ചാല ഭാഗങ്ങളിൽ താമസിച്ചിരുന്ന വെസ്റ്റ് ബംഗാൾ സ്വദേശിയായ ശ്രീ ആബെദ് മരണപ്പെട്ട സാഹചര്യത്തിൽ ഭൗതീക ശരീരം നാട്ടിലെത്തിക്കാൻ വേണ്ട സഹായം നൽകി.
11) വിഴിഞ്ഞം, പൂങ്കുളം, പൂന്തുറ അഞ്ചുതെങ്ങ്, വെണ്ണിക്കോട്, മൂങ്ങോട്, പൂത്തൂറ, വികാസ് നഗർ, കുന്നിൻപുറം ഇടവകകളിലെ പ്രവാസികളുടെ ഭവനങ്ങൾ ആനിമേറ്റർമാർ സന്ദർശിച്ചു.
12) പുത്തൻതോപ്പ് ഇടവകയിൽ പ്രവാസി സർവ്വേ എടുക്കുവാൻ സർവ്വേ ഫോറം നൽകി.
13) പുതുക്കുറിച്ചി ഫെറോനയിൽ നിന്ന് 15 അംഗങ്ങളും, വേളി, കൊച്ചുതോപ്പ് 1 മാമ്പള്ളി, 4 എന്നീ ക്രമത്തിൽ അംഗങ്ങൾപ്രവാസി ക്ഷേമനിധിയിൽ അംഗത്വം എടുത്തു.
14)വലിയതുറ ഇടവകയിലെ 3 ഭാരവാഹികൾ നോർക്കാ ഓഫീസ് സന്ദർശിച്ച് ക്ഷേമനിധികളെക്കുറിച്ച് മനസ്സിലാക്കി .
15)1/12/22 ൽ വെട്ടുകാട് ഇടവകയിൽ സഹവികാരി ഫാ. ടിനുവിന്റെ അധ്യക്ഷതയിൽ പ്രവാസി സമിതി രൂപീകരിച്ചു

## VI. മദ്യവിരുദ്ധ/പരിസ്ഥിതി കമ്മീഷൻ

### 6.1 മദ്യവിരുദ്ധ പ്രവർത്തനങ്ങൾ

1) പള്ളിത്തുറ ഇടവകയിൽ മദ്യം/ലഹരി വിരുദ്ധ സമിതി രൂപീകരിച്ചു.
2) പള്ളിതുറ, പുന്നമൂട്, വലിയതുറ, പൂന്തുറ ഇടവകകളിൽ ഇടവക ലഹരി കമ്മീഷൻ പ്രതിനിധികളുടെ നേതൃത്വത്തിൽ 'ഗ്രാമദീപം' പ്ലാനിങ് യോഗം നടന്നു.
3) വലിയതുറ, പുന്നമൂട്, മാമ്പള്ളി, പൂവാർ, പുതുക്കുറിച്ചി ഇടവകകളിൽ 'ഗ്രാമദീപം' പ്രവർത്തനങ്ങൾ നടുവരുന്നു.
4) പുല്ലുവിള, പുതുക്കുറിച്ചി, അഞ്ചുതെങ്ങ്, കോവളം ഫെറോന കളിലെ ഇടവകകളിൽ ലഹരി വിരുദ്ധ തെരുവുനാടകം അവതരി പ്പിച്ചു.
5) പൂവാർ ഇടവകയിൽ കോസ്റ്റൽ പോലീസിന്റെയും തിരുപ്പുറം എക്സൈസിന്റെയും നേതൃത്വത്തിൽ നടത്തിയ റെയ്ഡിൽ പുകയില/ലഹരി ഉൽപ്പങ്ങൾ പിടികൂടുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

6) വലിയതുറ ഇടവകയിൽ ലഹരി വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ കടകളിൽ മദ്യം/ലഹരി വസ്തുക്കൾ വിൽക്കുവർക്ക് താകീത് നൽകി.
7) മാമ്പള്ളി ഇടവകയിൽ ലഹരി വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തി.
8) അഞ്ചുതെങ്ങ്, വിഴിഞ്ഞം ഇടവകകളിൽ A.A ഗ്രൂപ്പ് യോഗങ്ങൾ കൂടി.

**6.2 പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ**

1) കുലശേഖരം, വലിയതുറ ഇടവകകളിൽ ഇടവകതല പരിസ്ഥിതി സംരക്ഷണ സമിതി യോഗം നടന്നു.
2)തുമ്പ, പുതുക്കുറിച്ചി, ഇടവകകളിൽ പരിസ്ഥിതി സംരക്ഷണ ത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.
3) തുമ്പ, വലിയതുറ, പൂന്തുറ ഇടവകകളിൽ ജൈവകൃഷി പരിശീലനവും വിത്ത് & ഗ്രോ ബാഗും നൽകി.
4) മൂങ്ങോട്, അരയത്തുരുത്തി, വെന്നിക്കോട്, പൂന്തുറ ഇടവക കളിലെ വിദ്യാലയങ്ങളിൽ ജൈവകൃഷി നടു വരുന്നു.
5) പള്ളം, നീരോടി ഇടവകകളിൽ പരിസര ശുചീകരണ പ്രവർ ത്തനങ്ങൾ നടന്നു.
6) പുന്നമൂട്, വലിയതുറ ഫെറോന എന്നിവിടങ്ങളിൽ തുണി സഞ്ചി പരിശീലനം നടന്നു.
7) തുമ്പ, പള്ളിത്തുറ ഇടവകകളിൽ 14 ബയോഗ്യാസ് വിതരണം ചെയ്തു.

**ഫാ. ആഷ്‌ലിൻ ജോസ്**
**ഡയറക്ടർ**

## മത്സ്യമേഖല ശുശ്രൂഷ

**വലിയതുറ ഫെറോന**

വലിയതുറ ഫെറോനയിൽ ഫിഷറീസ് മിനിസ്ട്രിയുടെ യോഗം എല്ലാ ഇടവകയിലും കൂടി. ഭാരവാഹികളെ തിരഞ്ഞെടുത്തു ടിഎംഎഫ് ന്റെ മീറ്റിംഗ് തോപ്പ് ഇടവകയിൽ കൂടി, സ്ത്രീ ശാക്തീകരണത്തിൽ പുരുഷപങ്കാളിത്തം എന്ന വിഷയത്തിന്മേൽ ആനിമേറ്റർക്ലാസ്സ് നൽകി, മത്സ്യ കച്ചവട സ്ത്രീകളുടെ യോഗം എട്ടിൽ ഏഴ് യോഗം നടന്നു പുരുഷ എസ് എച്ച് ജി വിസിറ്റ് ചെയ്തു.

**അഞ്ചുതെങ്ങ് ഫൊറോന**

പൂന്തുറ ചെമ്പാവ് അഞ്ചുതെങ്ങ് മാമ്പള്ളി അരയതുരുത്തി എന്ന ഇടവകകളിൽ മത്സ്യമേഖലാ ശുശ്രൂഷ സമിതി യോഗങ്ങൾ

നടന്നു മത്സ്യ കച്ചവട സ്ത്രീകളുടെ യൂണിറ്റ് യോഗങ്ങൾ 20/18 നടന്നു. കടയ്ക്കാവൂർ,വർക്കല,നിലയ്ക്കാമുക്ക്, പണ്ടകശാല എന്നീ ചന്തകൾ സന്ദർശനം നടത്തി. അഞ്ചുതെങ്ങ് സംഭാവവും ആമ്പള്ളി എന്ന് ഇടവകയിലെ മത്സ്യ കച്ചവടം സ്ത്രീകൾക്ക് ബോധവൽക്കരണ ക്ലാസ് നൽകി.



**തൂത്തൂർ ഫെറോനാ**

രണ്ട് ഇടവകകളിൽ മത്സ്യമേ ശുശ്രൂഷ സമിതിയുടെ യോഗം കൂടുകയും എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ശുശ്രൂഷ സമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഇൻഷുറൻസിനെക്കുറിച്ചും ക്ലാസ് നൽകി. മത്സ്യ കച്ചവട സ്ത്രീകളുടെ ഫെറോന യോഗം കൂടി. മത്സ്യ കച്ചവട സ്ത്രീകളുടെ ഇടവകതല യോഗം 8/8 നടന്നു. യൂണിറ്റ് തിരഞ്ഞെടുപ്പ് നടത്തി.

**പുല്ലുവിള ഫെറോന**

മത്സ്യ കച്ചവട സ്ത്രീകളുടെ യോഗം 8ൽ 5 നടന്നു. ഭാരവാഹികളെ തിരഞ്ഞെടുത്തു. പുരുഷ വെഴ മീറ്റിംഗ് നടന്നു. നെയ്യാറ്റിൻകര,നെല്ലിമൂട് ചന്തകൾ വിസിറ്റ് ചെയ്തു. ചന്ത വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഉദീൻകുളങ്ങര പഞ്ചായത്ത് നെയ്യാറ്റിൻകര മുനിസിപ്പൽ ഉദ്യോഗസ്ഥരെ കണ്ട് സംസാരിച്ചു. എല്ലാ ഇടവകകളിലും മത്സ്യമേഖല ശുശ്രൂഷ സമിതിയുടെ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു.

**കോവളം ഫെറോന**

മത്സ്യ കച്ചവട സ്ത്രീകളുടെ യോഗം 4/4 നടന്നു. പതിനഞ്ചാം തീയതി പൂന്തുറയിലെ മത്സ്യ കച്ചവട സ്ത്രീകൾക്ക് പ്രകൃതിദുരന്തം വന്നാൽ എങ്ങനെ ജാഗ്രതയോടെയിരിക്കണം ബിസിനസ് ഏതൊക്കെ രീതിയിൽ മെച്ചപ്പെടുത്താം, പെരുമാറ്റരീതി എന്നിവയെ കുറിച്ച് സിസ്റ്റർ മേരി പണിക്കശ്ശേരി ക്ലാസ് നൽകി. 13 തിയതി മത്സ്യ കച്ചവട സ്ത്രീകളുടെ ഭവനങ്ങൾ സന്ദർശിച്ചു. വിഴിഞ്ഞം പൂന്തുറ എന്ന ഇടവകയിലെ മത്സ്യ കച്ചവട സ്ത്രീകൾക്ക് 190000 രൂപ ലോൺ നൽകി.

**പുതുക്കുറിച്ചി ഫെറോന**

മത്സ്യമേഖല ശുശ്രൂഷ സമിതിയുടെ യോഗം 8 ഇടവകകളിൽ നടന്നു പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. രണ്ട് ഇടവകകളിൽ TMF മീറ്റിംഗ് നടന്നു. മത്സ്യ കച്ചവട

സ്ത്രീകളുടെ യോഗം 7 ഇടവകകളിൽ നടന്നു. പ്രകൃതി ദുരന്തത്തെക്കുറിച്ച് ക്ലാസ് നൽകി. 30000 രൂപ വായ്പ നൽകി. ചിറ്റാറ്റമുക്ക്, കണിയാപുരം, കഴക്കൂട്ടം എന്നീ മാർക്കറ്റുകൾ സന്ദർശിച്ച് അവിടുത്തെ അവസ്ഥകൾ മനസ്സിലാക്കി.

**ഫാ. ഷാജിൻ ജോസ്**
**ഡയറക്ടർ**

## അല്മായ ശുശ്രൂഷ

### അതിരൂപതാതല പ്രവർത്തന റിപ്പോർട്ട്

**ലീജിയൻ ഓഫ് മേരി**

ലീജിയൻ ഓഫ് മേരി തിരുവനന്തപുരം (സൗത്ത്) കമ്മീസിയത്തിന്റെ 2023 ജനുവരി മാസത്തെ യോഗം 14.01.2023 ശനിയാഴ്ച രാവിലെ 9 മണിക്ക് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് കമ്മീസിയം പ്രസിഡന്റ് ബ്ര. എ. ജയിംസിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. സെക്രട്ടറി ബ്ര. സെബാസ്റ്റ്യൻ പി. എം. മുൻയോഗ റിപ്പോർട്ട് അവതരിപ്പിച്ചു.15 കുരിയാകളിൽ നിന്നും, 10 പ്രസീദിയങ്ങളിൽ നിന്നുമായി, കമ്മീസിയം ഭാരവാഹികൾ അടക്കം 69 ഭാരവാഹികൾ ഹാജരായിരുന്നു. മുഴുവൻ ഭാരവാഹികളും ഹാജരായ വിഴിഞ്ഞം, അഞ്ചുതെങ്ങ്, നീരോടി കുരിയകളെയും, കർമ്മലമാതാ – തൈക്കാട്, കന്യകകളുടെ രാജ്ഞി – കിള്ളിപ്പാലം, നിത്യസഹായ മാതാ – പേരൂർക്കട പ്രസീദിയങ്ങളെയും പ്രത്യേകം അഭിനന്ദിച്ചു. അദ്ധ്യാത്മിക നിയന്താവ് ഫാ. മൈക്കൾ തോമസ് പ്രഭാഷണം നടത്തി. പുതുവർഷ ആശംസകൾ നേർന്നു.

വള്ളവിള കുരിയയുടെ കീഴിൽ മാർത്താണ്ഡംതുറയിൽ ഒരു സീനിയർ പ്രസീദിയവും, വലിയതുറ കുരിയായുടെ കീഴിൽ പൂന്തുറ ഇടവകയിൽ പുരുഷന്മാരുടെ രണ്ട് സീനിയർ പ്രസീദിയവും, അഞ്ചുതെങ്ങ് കുരിയായുടെ കീഴിൽ മൂങ്ങോട് ഇടവക സബ്സ്റ്റേഷനായ വെട്ടുകാട് ഉണ്ണി ഈശോ കുരിശ്ശടിയിൽ ഒരു സീനിയർ പ്രസീദിയവും പുതുതായി ആരംഭിച്ചു. ഇവയുടെ വിജയത്തിനായി പ്രാർഥിക്കുക.

വിഴിഞ്ഞം കുരിയായുടെ കീഴിൽ രണ്ട് ജൂനിയർ പ്രസീദിയങ്ങൾ പുതുതായി ആരംഭിച്ചു. കുരിയാ ഭാരവാഹികളെ പ്രത്യേകം അഭിനന്ദിച്ചു.

അഞ്ചുതെങ്ങ്, വലിയതുറ, വലിയവേളി, പരുത്തിയൂർ, വള്ളവിള, വിഴിഞ്ഞം കുരിയകൾ വാർഷിക റീ യൂണിയൻ നടത്തിയതായി അറിയിച്ചു. കേരള സെനാത്തൂസിന്റെ 2022 നവംബർ മാസത്തെ റിപ്പോർട്ട് ലഭിച്ചു. പ്രസക്ത ഭാഗങ്ങൾ വൈസ് പ്രസി

ഡന്റ് അവതരിപ്പിച്ചു. കർമ്മലമാതാ – തൈക്കാട് പ്രസീദിയത്തിന്റെ വാർഷിക റിപ്പോർട്ടും, ആഡിറ്റ് റിപ്പോർട്ടും ലഭിച്ചു. മേരിഗിരി കുട പ്പനക്കുന്ന് പ്രസീദിയത്തിന്റെയും, വിഴിഞ്ഞം കുരിയായുടെയും ആഡിറ്റ് റിപ്പോർട്ട് ലഭിച്ചു. വിഴിഞ്ഞം കുരിയായുടെ സ്ഥിതി വിവ രപ്പട്ടിക ലഭിച്ചു.

2023 വർഷത്തിൽ ലീജിയനിലേക്ക് കൂടുതൽ അംഗങ്ങളെ ചേർക്കുകയും പ്രത്യേകിച്ചും കൂടുതൽ ജൂനിയർ പ്രസീദിയങ്ങൾ സ്ഥാപിക്കുകയും വേണമെന്ന് ബഹുമാനപ്പെട്ട ഡയറക്ടർ അച്ചൻ നിർദ്ദേശിച്ചു. ഇത് പുതുവർഷത്തെ ദൗത്യമായി ഏറ്റെടുക്കണമെന്നും അച്ചൻ നിർദ്ദേശിക്കുകയുണ്ടായി.

ഇടവകകളിലെ വിവിധ സമിതികളിലും, ബി.സി.സി. കളിലും, പാരിഷ് കൗൺസിൽ മുതലായവയിലും ഓരോ ഇടവക യിൽ നിന്നും എത്ര ലീജിയൻ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു എന്നതിന്റെ ഒരു റിപ്പോർട്ട് 2023 മാർച്ച് മാസത്തിന് മുമ്പായി ലഭ്യ മാക്കണമെന്നും ഡയറക്ടർ അച്ചൻ ആവശ്യപ്പെട്ടു.

## KLCA പ്രവർത്തന റിപ്പോർട്ട്

### സംസ്ഥാന ജനറൽ കൗൺസിലും തെരഞ്ഞെടുപ്പും

ആലപ്പുഴയിൽ വച്ച് നടന്ന KLCA യുടെ ജനറൽ കൗൺസിലിലും സംസ്ഥാനതല തെരഞ്ഞെടുപ്പിലും തിരുവന്ത പുരം രൂപതയിൽ നിന്നും 25 അംഗങ്ങൾ പങ്കെടുത്തു. സംസ്ഥാന ഭാരവാഹികളായി വരാപ്പുഴ രൂപതയിൽ നിന്നുള്ള അഡ്വ. ഷെറി. ജെ. തോമസിനെ പ്രസിഡന്റായും, ആലപ്പുഴ രൂപതയിൽ നിന്നുള്ള ബിജു ജോസി കരുമഞ്ചേരിയെ സംസ്ഥാന ജനറൽ സെക്രട്ടറി യായും, കണ്ണൂർ രൂപതയിൽ നിന്നുള്ള രതീഷ് ആന്റെണിയെ ട്രഷ റർ ആയും, തിരുവനന്തപുരം അതിരൂപതയിൽ നിന്നുള്ള ഹെൻട്രി വിൻസെന്റിനെ സെക്രട്ടറിയായും, തെരഞ്ഞെടുത്തു.

### അതിരൂപതാ എക്സിക്യൂട്ടീവ് യോഗവും പാപ്പാ അനുസ്മര ണവും

13-ാം തിയതി തിരുവനന്തപുരം അതിരൂപതാ KLCA എക്സി ക്യൂട്ടീവ് മീറ്റിംഗ് നടന്നു. മീറ്റിങ്ങിൽ ബനഡിക്ട് 13-ാം മാർപാപ്പയു ടെ വിയോഗത്തിൽ അനുസ്മരണം ഡയറക്ടർ ഫാ. മൈക്കൾ തോമസ് നിർവ്വഹിച്ചു.

### നേതൃത്വ പരിശീലന ക്യാമ്പ്

KRLCC യുടെ സഹകരണത്തോടെ KLCA സംസ്ഥാന സമിതി സംഘടിപ്പിച്ച സമഗ്ര നേതൃപരിശീലന പരിപാടിയിലെ

തെക്കൻ മേഖലാ ക്യാമ്പായ EXODUS 2023 തിരുവനന്തപുരം അതിരൂപതയുടെ ആതിഥേയത്വത്തിൽ കോവളം ആനിമേഷൻ സെന്ററിൽ വച്ച് ജനുവരി 21, 22 തിയതികളിലായി നടത്തപ്പെട്ടു. തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, പുനലൂർ എന്നീ രൂപതകളിൽ നിന്നായി 80 അംഗങ്ങൾ പങ്കെടുത്തു. തിരുവനന്തപുരം അതിരൂപതാ വികാരി ജനറൽ മോൺ. യൂജിൻ. എച്ച്. പെരേര ക്യാമ്പ് ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപതയിൽ നിന്നും അല്മായ ശുശ്രൂഷ ഡയറക്ടർ ഫാ. മൈക്കൾ തോമസും, ശ്രീമാൻ ആന്റെണി ആൽബർട്ടും ക്ലാസ്സുകൾ നയിച്ചു. വിഴിഞ്ഞം അതിജീവന സമരത്തോട് അനുബന്ധിച്ച് എടുത്ത എല്ലാ കേസുകളും പിൻവലിക്കണമെന്ന് KLCA സംസ്ഥാന സമിതിയും EXODUS ക്യാമ്പ് അംഗങ്ങളും ആവശ്യപ്പെട്ടു.

### DCMS പ്രവർത്തന റിപ്പോർട്ട്

അല്മായ ശുശ്രൂഷാ ഡയറക്ടർ ഫാ. മൈക്കൾ തോമസിന്റെ അദ്ധ്യക്ഷതയിൽ DCMS ന്റെ താൽക്കാലിക സമിതിയുടെ യോഗം ജനുവരി 12-ാം തിയതി കൂടി. മുൻപ് DCMS യൂണിറ്റ് ഉണ്ടായിരുന്ന എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിച്ച് പുതിയ നേതൃത്വത്തെ തെരഞ്ഞെടുക്കാനും, യൂണിറ്റ് ശക്തിപ്പെടുത്തുവാനും യോഗം തീരുമാനിച്ചു. 2023 ഫെബ്രുവരി മാസത്തിനുള്ളിൽ യൂണിറ്റ് തല തെരഞ്ഞെടുപ്പ് നടത്തുവാൻ നിർദ്ദേശം നല്കി എല്ലാ അച്ചന്മാർക്കും സർക്കുലർ അയക്കുകയും ചെയ്തു.

## ഫെറോനതല പ്രവർത്തന റിപ്പോർട്ട്

### അഞ്ചുതെങ്ങ് ഫെറോന

15.01.2023-ൽ അഞ്ചുതെങ്ങ് ഇടവകയിൽ KLCA മാസയോഗവും, അല്മായ ശുശ്രൂഷാ ഇടവക സമിതി തെരഞ്ഞെടുപ്പും, KLCWA തെരഞ്ഞെടുപ്പും നടത്തുകയുണ്ടായി.

22.01.2023-ൽ ചമ്പാവ്, പൂത്തുറ, മാമ്പള്ളി എന്നീ ഇടവകകളിൽ അല്മായ ശുശ്രൂഷാ സമിതി തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായി.

22.01.2023-ൽ അഞ്ചുതെങ്ങ് ഇടവകയിൽ കൊമ്പ്രിയ സഭ മീറ്റിംഗ് നടക്കുകയുണ്ടായി. വിൻസെന്റ് ഡി പോൾ, കുരിയ മീറ്റിംഗ് ചമ്പാവ്, അഞ്ചുതെങ്ങ് എന്നീ ഇടവകകളിൽ കൂടുകയുണ്ടായി.

### പുതുക്കുറിച്ചി ഫെറോന

അല്മായ ശുശ്രൂഷാ സമിതി യോഗം 8 ഇടവകകളിൽ നടന്നു. എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും ശുശ്രൂഷാ

സമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും എന്താണ് ശുശ്രൂഷാ എന്ന ബോധ്യവും നല്കി.

8-ാം തിയതി 3 മണിക്ക് സെന്റ് ഡൊമിനിക് ഇടവകയിൽ വച്ച് പള്ളിത്തുറ ഏര്യാ കോൺഫറൻസ് മീറ്റിംഗ് നടന്നു.

8-ാം തിയതി പള്ളിത്തുറ ഇടവകയിൽ വച്ച് പള്ളിത്തുറ കുരിയയുടെയും 15-ാം തിയതി സെന്റ് ആൻഡ്രൂസ് ഇടവകയിൽ വച്ച് സെന്റ് ആൻഡ്രൂസ് കുരിയയുടെയും മീറ്റിംഗ് നടന്നു

15.01.2023-ൽ സെന്റ് ആൻഡ്രൂസ് ഇടവകയിൽ വച്ച് KLCA യുടെ ഫെറോന യോഗം നടന്നു. രൂപതാ, ഫെറോന ഭാരവാഹി കൾക്ക് അഭിനന്ദനങ്ങൾ അർപ്പിക്കുകയും, KLCA രൂപീകരിക്കാത്ത ഇടവകകളിൽ KLCA രൂപീകരിക്കുക, ഓരോ ഇടവകയിലും മെമ്പർഷിപ്പ് ക്യാമ്പയിൻ നടത്തുക. എന്നീ കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. സെന്റ് ഡൊമിനിക് ഇടവകയിൽ KLCA രൂപീക രിച്ചു.

പുതുക്കുറിച്ചി, പള്ളിത്തുറ, തുമ്പ, സെന്റ് ആൻഡ്രൂസ് എന്നീ ഇടവകകളിൽ KLCWA രൂപീകരിച്ചു.

തുടർന്നു വരുന്ന ഫെറോന തല മെമ്പർഷിപ്പ് ക്യാമ്പയി നിന്റെ ഉദ്ഘാടനം തുമ്പ ഇടവകയിൽ 22-ാം തിയതി രാവിലെ രൂപതാ പ്രസിഡന്റ് പാട്രിക് മൈക്കൾ ഇടവക വികാരി ഫാ. ഷാജിൻ ജോസിന്റെ സാനിധ്യത്തിൽ നിർവ്വഹിച്ചു. ഫെറോന പ്രസി ഡന്റ് രാജു തോമസിന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന ട്രഷറർ രതീഷ് ആന്റെണി, സംസ്ഥാന സെക്രട്ടറി ഹെൻട്രി വിൻസെന്റ്, രൂപതാ വൈസ് പ്രസിഡന്റ് ജോളി പത്രോസ്, തുമ്പ KLCA പ്രസി ഡന്റ് ബീന പോൾ, പുതുക്കുറിച്ചി ഫെറോന ട്രഷറർ സിനി, മറ്റ് ഫെറോന, ഇടവക ഭാരവാഹികളും സന്നിഹിതരായിരുന്നു. ഫെറോന പ്രസിഡന്റ് പതാക ഉയർത്തി ഫെറോന തലത്തിൽ KLCA ഉദ്ഘാടനം ചെയ്യുകയും 11 ഇടവകകൾക്കും മെമ്പർ ഷിപ്പ് ഫോം കൊടുക്കുകയും ചെയ്തു.

24-ാം തിയതി പള്ളിത്തുറ ഇടവകയിൽ വച്ച് അല്മായ ശുശ്രൂഷാ സമിതികളുടെയും ഭക്തസംഘടനകളുടെയും സംയുക്ത യോഗം നടന്നു.

29-ാം തിയതി 3 മണിക്ക് സെന്റ് ആൻഡ്രൂസ് ഇടവകയിൽ വച്ച് KLCWA ഫെറോന ജനറൽ ബോഡി യോഗം വിളിച്ചു കൂട്ടു വാനും ഫെറോന ഭാരവാഹികളെ തെരഞ്ഞെടുക്കുവാനും തീരു മാനിച്ചു.

**പേട്ട ഫെറോന**

KLCWA യുടെ മെമ്പർഷിപ്പ് ഫോം കുമാരപുരം, മുട്ടട, കുന്നിൻപുറം, പുഷ്പഗിരി, കുശവർക്കൽ, ചെറുവയ്ക്കൽ, പോങ്ങുംമൂട്, പേട്ട, വികാസ് നഗർ എന്നീ ഇടവകകൾക്ക് നല്കി. അല്മായ ശുശ്രൂഷാ സമിതിയുടെ തെരഞ്ഞെടുപ്പ് ഫോം എല്ലാ ഇടവകയിലും എത്തിച്ചു.

13.01.2023-ൽ വികാസ് നഗർ, ചെറുവയ്ക്കൽ, പുഷ്പഗിരി എന്നീ ഇടവകകൾ രൂപതാ ടീമുമായി സന്ദർശനം നടത്തി ഇടവക വികാരിയുമായി KLCWA രൂപീകരണം, ഇലക്ഷൻ എന്നീ കാര്യങ്ങൾ ചർച്ച ചെയ്തു.

29.01.2023-ന് പുഷ്പഗിരി ഇടവകയിൽ വച്ച് 4.30 ന് KLCWA യുടെ ഇലക്ഷൻ നടത്താൻ തീരുമാനിച്ചു.

മുട്ടട, കുമാരപുരം, കുന്നിൻപുറം, പുഷ്പഗിരി, കുശവർക്കൽ, പോങ്ങുംമൂട്, പേട്ട  എന്നീ ഇടവകകളിൽ KLCWA തെരഞ്ഞെടുപ്പ് പൂർത്തിയാക്കി.

**പാളയം ഫെറോന**

ഫെറോനയിലെ സമുദായ സംഘടനയായ KLCWA ഏഴ് ഇടവകയിൽ രൂപീകരിക്കുകയും അംഗത്വം പുതുക്കലും ഇടവക തല തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. 30.01.2023-ന് KLCWA യുടെ ഫെറോന തെരഞ്ഞെടുപ്പ് നടത്താനും തീരുമാനിച്ചിരിക്കുന്നു.

ഇടവക അല്മായ ശുശ്രൂഷാ കാര്യ നിർവ്വഹണ സമിതി തെരഞ്ഞെടുപ്പിനെക്കുറിച്ച് ഇടവക സന്ദർശിച്ച് വികാരി അച്ചന്മാരെ അറിയിച്ചു.

**കോവളം ഫെറോന**

17.01.2023-ൽ KLCA ഫെറോന യോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലും ഫെറോന കോർഡിനേറ്ററിന്റെ സാന്നിധ്യത്തിലും നടന്നു. KLCA ഇടവക സന്ദർശനം, സംസ്ഥാന തല ക്യാമ്പ്, രൂപതാ തല ക്യാമ്പ്, ഫെറോന തല ക്യാമ്പ് എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു.

29-ാം തിയതി KLCWA ഇലക്ഷൻ പൂന്തുറ ഇടവകയിൽ നടത്താൻ തീരുമാനിച്ചു. ഇടവക അല്മായ കാര്യ നിർവ്വഹണ സമിതി ഫോം എല്ലാ ഇടവകകളിലും ഏൽപ്പിച്ചു.

**പുല്ലുവിള ഫെറോന**

പള്ളം ഇടവകയിൽ KLCWA രൂപീകരിച്ചു.

കൊല്ലംങ്കോട്, കരുംകുളം, പള്ളം, കരിച്ചൽ, നമ്പ്യാതി

എന്നീ ഇടവകകളിൽ അല്മായ ശുശ്രൂഷാ സമിതി യോഗം കൂടി എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു.

കൊല്ലംങ്കോട് ഇടവകയിൽ ഭക്തസംഘടനകളെ വിളിച്ചു കൂട്ടുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

KLCA, KLCWA എന്നീ സമുദായ സംഘടനകൾ രൂപീകരിച്ച ഇടവകകളിൽ ഇടവകതല മീറ്റിങ്ങുകൾ നടക്കുകയും ചെയ്തു.

കൺവീനർമാരുടെ ലിസ്റ്റ് എല്ലാ ഇടവകകളിൽ നിന്നും Collect ചെയ്തു.

**തൂത്തൂർ ഫെറോന**

14.01.2023-ൽ ഫാ. അസീസ്സിയുടെ നേതൃത്വത്തിൽ ഇരയിമ്മൻതുറ ഇടവകയിൽ അല്മായ ശുശ്രൂഷാ സമിതി യോഗം കൂടുകയുണ്ടായി.

15.01.2023-ൽ നീരോടി ഇടവകയിൽ ഫാ. ക്ലീറ്റസിന്റെ നേതൃത്വത്തിൽ അല്മായ ശുശ്രൂഷാ സമിതി യോഗം കൂടി അവരുടെ പ്രവർത്തനങ്ങളെ വിശദീകരിച്ചു.

22.01.2023-ൽ വള്ളവിള സെന്റ് ജൂഡ് സ്കൂളിൽ വച്ച് ഫെറോന തല മീറ്റിംഗ് അല്മായ ശുശ്രൂഷാ ഡയറക്ടർ ഫാ. മൈക്കൾ തോമസിന്റെയും ഫെറോന കോർഡിനേറ്റർ ഫാ. റിച്ചാർഡിന്റെയും നേതൃത്വത്തിൽ നടത്തുകയുണ്ടായി. എല്ലാ ഇടവകയിൽ നിന്നുമുള്ള അല്മായ ശുശ്രൂഷാ സമിതി കൺവീനർമാരും എക്സിക്യൂട്ടീവ് അംഗങ്ങളും മീറ്റിങ്ങിൽ പങ്കെടുത്തു. എന്താണ് അല്മായ ശുശ്രൂഷാ, അതിൽ എങ്ങനെയാണ് പ്രവർത്തിക്കേണ്ടത് എന്നതിനെ കുറിച്ചും അച്ചൻ അവർക്ക് ബോധ്യം നല്കുകയുണ്ടായി. 114 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. ഫെറോന അല്മായ ശുശ്രൂഷാ സമിതി രൂപീകരണവും നടത്തി.

24.01.2023-ൽ ഫാ. ജിബുവിന്റെ നേതൃത്വത്തിൽ ചിന്നത്തുറ ഇടവകയിൽ അല്മായ ശുശ്രൂഷാ സമിതി യോഗം കൂടി.

**വലിയതുറ ഫെറോന**

വലിയവേളി ഇടവകയിൽ അല്മായ ശുശ്രൂഷാ സമിതി യോഗം കൂടി. ഭാരവാഹികളെ തെരഞ്ഞെടുത്തു. 15.01.2023-ന് അല്മായ ശുശ്രൂഷയുടെ പ്രവർത്തനങ്ങളെ കുറിച്ച് ഡയറക്ടർ ഫാ. മൈക്കൾ തോമസ് അംഗങ്ങൾക്ക് ക്ലാസ് നല്കി. ക്ലാസ് വളരെയധികം പ്രയോജനകരമായിരുന്നുവെന്നും വളരെ ലളിതമായ രീതിയിലായിരുന്നു ക്ലാസ് എടുത്തത് എന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

കൊച്ചുവേളി ഇടവകയിൽ KLCWA മീറ്റിംഗ് നടന്നു. നേഴ്സസ് ഫോറം കുറച്ചു കൂടെ ശക്തിപ്പെടുത്തണമെന്നും അത്യാവശ്യമുള്ള എല്ലാ രോഗികൾക്കും അവരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും യോഗത്തിൽ ഇടവക വികാരി നിർദ്ദേശിച്ചു.

കൊച്ചുവേളി ഇടവകയിൽ അല്മായ ശുശ്രൂഷാ സമിതി യോഗം കൂടി ഭാരവാഹികളെ തെരഞ്ഞെടുത്തു. ഭാരവാഹികളുടെ ഉത്തരവാദിത്വങ്ങൾ എന്താണെന്നും എന്തൊക്കെ പ്രവർത്തനങ്ങളാണ് ചെയ്യേണ്ടതെന്നും ഇടവക വികാരി ഫാ. ടോണി ഹാംലറ്റ് അംഗങ്ങൾക്ക് ബോധ്യം നല്കി. KLCA മീറ്റിംഗ് രണ്ട് ദിവസം നടന്നു. 26-ാം തിയതി റിപ്പബ്ലിക് ദിനത്തിൽ പുതിയ കൊടിമരം നാട്ടി ഉദ്ഘാടനം ചെയ്യുകയും അന്നേ ദിവസം ദേശീയ പതാക ഉയർത്തുകയും ചെയ്തു. KLCWA, KLCA സംയുക്ത യോഗം കൂടി.

വെട്ടുകാട് ഇടവകയിൽ അല്മായ ശുശ്രൂഷാ സമിതി യോഗം കൂടി വാർഡിൽ നിന്ന് പ്രതിനിധികളെ തെരഞ്ഞെടുത്തു.

തോപ്പ് ഇടവകയിൽ ഇടവക വികാരിയുടെ അദ്ധ്യക്ഷതയിൽ അല്മായ ശുശ്രൂഷാ സമിതി യോഗം, ഭക്തസംഘടനകളുടെ മീറ്റിംഗ്, KLCA യുടെ മീറ്റിംഗ് എന്നീ യോഗങ്ങൾ നടന്നു.

വലിയതുറ ഇടവകയിൽ അല്മായ ശുശ്രൂഷാ സമിതി യോഗം കൂടി ഭാരവാഹികളെ തെരഞ്ഞെടുത്തു. KLCA യുടെ ഇടവകതല യോഗം കൂടി.

23.01.2023-ന് ചെറുവെട്ടുകാട് അല്മായ ശുശ്രൂഷാ സമിതി യോഗം കൂടി ഭാരവാഹികളെ തെരഞ്ഞെടുത്തു.

ആനിമേറ്റർ എല്ലാ ഇടവകയും സന്ദർശിക്കുകയും അല്മായ ശുശ്രൂഷ എന്താണെന്നും അതിന്റെ ദൗത്യങ്ങൾ എന്താണ് എന്നതിനെ കുറിച്ച് അംഗങ്ങൾ ബോധ്യം നല്കി.

**ഫാ. മൈക്കിൾ തോമസ്**
**ഡയറക്ടർ**

------------------